പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 58 ലക്കം 12 മാർച്ച് 2019

പാപ്പിനിശ്ശേരി
മികച്ച ഗ്രാമ
പഞ്ചായത്ത്

നെടുമങ്ങാട്
മികച്ച ബ്ലോക്ക്
പഞ്ചായത്ത്

തിരുവനന്തപുരം
മികച്ച ജില്ലാ
പഞ്ചായത്ത്



## അദ്ദേഹമെന്നാൽ തദ്ദേശഭരണം

## പഞ്ചായത്ത് ഒരുമയുടെ ദീപ്താഘോഷം




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

മാർച്ച് 2019

## അകത്ത്










പദ്ധതിയുടെ ഗുണനിലവാരത്തിൽ പുതുചരിത്രം രചിക്കണം: മുഖ്യമന്ത്രി 5

ഭാവനാപൂർണ്ണമായ പ്രവർത്തനം നടത്തണം : മന്ത്രി എ.സി.മൊയ്തീൻ 10

പഞ്ചായത്ത് ദിനാഘോഷം പുതിയ സമീപനം 14
അഡ്വ: പി. വിശ്വംഭര പണിക്കർ

പ്രതിനിധി സമ്മേളന വേദിയിൽ നിന്ന് 17

കുടുംബശ്രീ ഉത്പന്നങ്ങൾ ഇനി ആമസോൺ വഴിയും 21

മിഷൻ 30 ഡെയ്സ് 22
എം. പി. അജിത് കുമാർ

അദ്ദേഹമെന്നാൽ തദ്ദേശഭരണം 24
എം. വിജയകുമാരൻ നായർ, പൂജപ്പുര

പ്രളയാനന്തരം കാർഷിക മേഖലയിലെ ഇടപെടൽ എങ്ങനെയാവാം 26
എസ്. മോഹനൻ

വെസ്റ്റ്നൈൽ രോഗബാധ 29

പ്രാദേശികസർക്കാരുകളും സഹകരണപ്രസ്ഥാനവും 30
വി. ജി. ശശിധരൻ

പാപ്പിനിശ്ശേരി മികച്ച ഗ്രാമപഞ്ചായത്ത് 35

സൂര്യാഘാതവും ആരോഗ്യ പ്രശ്നങ്ങളും 40


### പംക്തികൾ


കില ന്യൂസ് 32

വാർത്തകൾ വിശേഷങ്ങൾ 34

എന്ന് വായനക്കാർ 42

മാർച്ച് 2019
പുസ്തകം 58 ലക്കം 12
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# വേനൽക്കാല കരുതലുകൾ

പ്രളയകാലക്കെടുതികളുടെ ചൂടാറും മുമ്പേ വേനലിന്റെ തീക്കണ്ണുകൾ കേരളത്തെ തുറിച്ചുനോക്കുകയാണ്. പുറത്തിറങ്ങിയാൽ ചുട്ടുപൊള്ളുന്ന വെയിൽ. വീട്ടിനകത്ത് ചൂടിനാൽ പുഴുങ്ങുന്ന അന്തരീക്ഷം. നാട് മുഴുവൻ വേനൽ പിടിയിലാണ്. ഇടയ്ക്ക് ലഭിക്കാറുള്ള ആശ്വാസത്തിന്റെ വേനൽമഴ അപൂർവ്വമായിരിക്കുന്നു. ചൂട് ഇതേപടി തുടരുകയാണെങ്കിൽ നമ്മുടെ നാട് അധികം വൈകാതെ വരൾച്ചയിലേക്കെത്തും.

വിദൂരസ്ഥലങ്ങളിൽ പോയി വീട്ടാവശ്യത്തിനുള്ള വെള്ളം കൊണ്ടുവരേണ്ട ദുഃസ്ഥിതി ചിലയിടങ്ങളിലെങ്കിലുമുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ കുടിവെള്ളം കിട്ടാക്കനിയായി മാറികൊണ്ടിരിക്കുകയാണ്. കിണറുകൾ വറ്റി, കുളങ്ങളിൽ വെള്ളമില്ലാത്ത അവസ്ഥ പലയിടങ്ങളിലും കണ്ടുതുടങ്ങിയിരിക്കുന്നു. തോടുകളും പുഴകളും മറ്റ് ജലാശയങ്ങളും വരണ്ട് തുടങ്ങുന്നു. മനുഷ്യർ മാത്രമല്ല വളർത്തുമൃഗങ്ങളും കാട്ടുമൃഗങ്ങളും സസ്യലതാദികളും ജലദൗർലഭ്യത്തിന്റെ കെടുതികൾ അനുഭവിക്കുന്നു. കൃഷിയെയും ഇത് കാര്യമായി ബാധിച്ചിട്ടുണ്ട്.

സംസ്ഥാനം നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പ്രാദേശിക സർക്കാരുകളെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്ത്- നഗരസഭ – കോർപ്പറേഷൻ പരിധികളിൽ അതാത് പ്രാദേശിക സർക്കാരുകൾ ആവശ്യാനുസരണം കുടിവെള്ളം വിതരണം നടത്താനുള്ള നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി മെയ് മാസാവസാനം വരെ ഓരോ ഗ്രാമപഞ്ചായത്തിനും 16.5 ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് 27.5 ലക്ഷം രൂപയും കോർപ്പറേഷന് 38.5 ലക്ഷം രൂപയും ചെലവഴിക്കാനുള്ള അനുമതിയും നല്കിയിട്ടുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി ജിപിഎസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജനങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് ആവശ്യത്തിന് അനുസൃതമായി വിതരണം നടത്തുന്നതിന് പ്രാദേശിക സർക്കാരുകൾ നടപടി സ്വീകരിക്കണം. നിലവിൽ ദുരന്തനിവാരണ വകുപ്പ് മുഖേന സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ വഴിയും ജിപിഎസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളവിതരണം നടത്താവുന്നതാണ്.

സുതാര്യവും കാര്യക്ഷമവുമായി പരാതികൾക്ക് ഇടയില്ലാതെ കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് പഞ്ചായത്ത് വകുപ്പിന്റെയും നഗരകാര്യ വകുപ്പിന്റെയും ജില്ലാതല മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ് നടത്തുന്നതിനുള്ള സംവിധാനവും ജിപിഎസ് ട്രാക്കിങ് സംവിധാനവും തദ്ദേശസ്ഥാപന ജില്ലാതല മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്.

പ്രളയത്തെ നാം ഒറ്റക്കെട്ടായി നേരിട്ടത് പോലെ വേനലിനെയും ഏകമനസ്സോടെ അതിജീവിക്കാൻ നമുക്കാകും. അതിനുള്ള സർവ്വപിന്തുണയും പ്രാദേശിക സർക്കാരുകളുടെയും ജീവനക്കാരുടെയും ഭാഗത്ത് നിന്നുമുണ്ടാകണം. വെല്ലുവിളികളെ അതിജീവിക്കാൻ കൈകോർത്ത് ഒരുമയോടെ പ്രവർത്തിക്കാം.

**ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.**

**ആവശ്യമാണ് സൃഷ്ടിയുടെ മാതാവ്**
**– ലാറ്റിൻ പഴമൊഴി**



# പദ്ധതിയുടെ ഗുണനിലവാരത്തിൽ പുതുചരിത്രം രചിക്കണം: മുഖ്യമന്ത്രി

തൃശ്ശൂരിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ സന്ദേശത്തിൽ നിന്ന്

സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്ന ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും മറ്റു ക്ഷണിതാക്കൾക്കും സംസ്ഥാന സർക്കാരിന്റെ ഊഷ്മളമായ അഭിവാദ്യങ്ങൾ.

തൃശ്ശൂരിൽ ഞാൻ മുൻപു നടത്തിയ ഒരു ഉദ്ഘാടന പ്രസംഗത്തെക്കുറിച്ചു സൂചിപ്പിക്കുന്നത് നന്നാവും എന്നു കരുതുകയാണ്. സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ടു 2017 ജനുവരി 21-ാം തീയതി നടത്തിയ പ്രസംഗത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ജനകീയാസൂത്രണ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചാണ് അന്നു സൂചിപ്പിച്ചത്. കേരളത്തിന് ജനകീയാസൂത്രണ രംഗത്ത് ഏതാണ്ട് രണ്ടു പതിറ്റാണ്ടുകാലത്തെ അനുഭവങ്ങളുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാനത്ത് ധാരാളം പഠനങ്ങളും ചർച്ചകളും നടന്നിട്ടുണ്ട്. പഠനങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിലാണ് ജനകീയാസൂത്രണരംഗത്ത് വരുത്തേണ്ട പ്രധാനപ്പെട്ട മാറ്റങ്ങൾ സംബന്ധിച്ച സംസ്ഥാനസർക്കാരിന്റെ കാഴ്ചപ്പാട് അവതരിപ്പിച്ചത്.

തുടക്കത്തിൽ നാം ലക്ഷ്യമിട്ട മാറ്റങ്ങൾ എന്തെല്ലാമാണ്? ഏതെല്ലാം കാര്യങ്ങളിൽ ഉദ്ദേശിച്ച പുരോഗതി ഉണ്ടായി? ഇനി ഏറ്റെടുക്കേണ്ട പ്രധാനപ്രവർത്തനങ്ങളും വരുത്തേണ്ട മാറ്റങ്ങളും എന്തെല്ലാമാണ്? ഈ ചോദ്യങ്ങളുടെ ഉത്തരത്തിലേക്ക് ഞാൻ വരാം. അതിനുമുമ്പ് ജനകീയാസൂത്രണത്തിൽ മാത്രമല്ല മറിച്ച് എല്ലാ മേഖലകളിലും കൃത്യമായ കാഴ്ചപ്പാടും കർമ്മ പരിപാടിയും തയ്യാറാക്കിക്കൊണ്ടാണ് സർക്കാർ പ്രവർത്തിക്കുന്നത് എന്നത് എടുത്തു പറയുകയാണ്. ഇത്തരത്തിൽ വളരെ വ്യക്തമായ ഒരു കർമ്മ പരിപാടി തയ്യാറാക്കിക്കൊണ്ട് പ്രവർത്തിച്ചതിന്റെ ഫലമായി ജനകീയാസൂത്രണ രംഗത്ത് അഭൂതപൂർവ്വവും ചരിത്രപരവുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞു എന്നത് ഏത് നിഷ്പക്ഷ നിരീക്ഷകനും അംഗീകരിക്കും.

ആദ്യ പ്രസംഗത്തിൽ ഞാൻ എടുത്തു പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും പദ്ധതി രൂപീകരണത്തിൽ വരുന്ന വലിയ കാലതാമസവും തന്മൂലം നിർവഹണത്തിൽ ഉണ്ടാവുന്ന പ്രശ്നങ്ങളുമാണ്. ധനകാര്യവർഷം ആരംഭിച്ചാൽ 7-8 മാസം വരെയോ അതിൽക്കൂടുതലോ പദ്ധതിരൂപീകരണ പ്രക്രിയ നീളുന്നതായിരുന്നു നമ്മുടെ അനുഭവം.



*തൃശ്ശൂരിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.*

മൂന്ന് നാലുമാസംകൊണ്ട്, പലപ്പോഴും മാർച്ചിലെ അവസാന ആഴ്ചകളിൽ ഓടിച്ചിട്ട് നിർവ്വഹണം നടത്തുകയായിരുന്നു പതിവ്. പദ്ധതിപ്പണം ലാപ്സാകുന്നതിനും അഴിമതിക്കും പ്രവൃത്തികളുടെ ഗുണനിലവാരം കുറയുന്നതിനും മറ്റും ഇത് ഇടയാക്കിയിരുന്നു.

ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും സമയനിഷ്ഠ പാലിക്കാനാവുമോ എന്നതായിരുന്നു അന്ന് ഉന്നയിച്ച ചോദ്യം. ജനപങ്കാളിത്തത്തിൽ വിട്ടുവീഴ്ച ചെയ്യാതിരിക്കാൻ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ കാലേകൂട്ടി, അതായത് തലേവർഷം തന്നെ പൂർത്തിയാക്കി ധനകാര്യ വർഷം തുടങ്ങുന്ന ഏപ്രിൽ ഒന്നിന് തന്നെ നിർവഹണം തുടങ്ങാൻ കഴിയുമോ എന്ന് അന്ന് ഞാൻ നിങ്ങളോട് ചോദിച്ചിരുന്നു. 2017-18ൽ അതിനു കഴിഞ്ഞില്ല. പക്ഷെ, ചരിത്രത്തിൽ ആദ്യമായി ജൂൺ മദ്ധ്യത്തോടെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുകയുണ്ടായി.

2018-19ൽ നാം പദ്ധതി രൂപീകരണം സമയബന്ധിതമാക്കുക എന്ന ലക്ഷ്യം പൂർണ്ണമായും നേടുകതന്നെ ചെയ്തു. ഏതാണ്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മാർച്ച് 31-നു മുമ്പ് പദ്ധതിക്ക് അംഗീകാരം നേടി. ചരിത്രനേട്ടം എന്നുതന്നെ ബന്ധപ്പെട്ട എല്ലാവരും ഇതിനെ വിശേഷിപ്പിച്ചു. അതുകൊണ്ട് പദ്ധതി നിർവ്വഹണത്തിന് 12 മാസം തികച്ചു ലഭിച്ചു. തികച്ചും അഭിമാനകരമായ ഈ നേട്ടം എങ്ങനെ സാധ്യമായി? തീർച്ചയായും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും സമൂലം അഴിച്ചു പണിയുകയുണ്ടായി. പക്ഷെ, അതുമാത്രം മതിയാവുമായിരുന്നോ? ഇല്ല.

സർക്കാർ കൊണ്ടുവന്ന മാറ്റങ്ങളോട് തികഞ്ഞ ഉത്സാഹത്തോടുകൂടി പ്രാദേശിക സർക്കാരുകൾ സഹകരിക്കാൻ തയ്യാറായതാണ് അവിശ്വസനീയമായ ഈ നേട്ടം യാഥാർത്ഥ്യമാവാൻ കാരണം. ഈ നേട്ടത്തിന് കാരണക്കാരായ എല്ലാവരെയും വിശേഷിച്ചും ജനപ്രതിനിധികളെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. പ്രാദേശിക സർക്കാരുകൾക്ക് ഇതിനു കഴിയും എന്ന് ആരുംതന്നെ രണ്ടു വർഷം മുമ്പുവരെ വിശ്വസിച്ചിരുന്നില്ല. ഇത് മാത്രമല്ല അസാധ്യം എന്നു കരുതിയ മറ്റു പല നേട്ടങ്ങളും സാധ്യമാക്കിക്കൊണ്ടാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്നു മുന്നോട്ടുപോകുന്നത്. മാധ്യമങ്ങളും പൊതുസമൂഹവും ഈ നേട്ടങ്ങൾ കാണാനും ബന്ധപ്പെട്ടവരെ അംഗീകരിക്കാനും തയ്യാറാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങൾ സമയബന്ധിതമാക്കുക എന്ന കാര്യത്തിൽ ഇപ്പോൾ കേരളം മറ്റൊരു അസാധാരണ നേട്ടം കൂടി കൈവരിച്ചിരിക്കുകയാണ്. ലോകസഭാ തെരഞ്ഞെടുപ്പ് മുൻകൂട്ടി കണ്ടുകൊണ്ട് 2019-20 ലേക്കുള്ള, അതായത് വരും വർഷത്തെ, വാർഷിക പദ്ധതി 2018 ഡിസംബറിൽതന്നെ പൂർത്തിയാക്കണം എന്ന് സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. വിരലിൽ എണ്ണാവുന്നവ ഒഴിച്ച് എല്ലാ പ്രാദേശിക സർക്കാരുകളും ഡിസംബറിൽ തന്നെ പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് അംഗീകാരത്തിനു സമർപ്പിച്ചു. തെരഞ്ഞെടുപ്പിന്റെ തിരക്കിൽപ്പെട്ട് വൈകാതെ ഏപ്രിൽ ഒന്നിനുതന്നെ 2019-20 ലെ നിർവ്വഹണം ആരംഭിക്കാൻ കഴിയും. ഈ നേട്ടത്തെ സ്വപ്നതുല്യം എന്നല്ലാതെ എങ്ങനെ വിശേഷിപ്പിക്കാനാണ്!

പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമാക്കാൻ കഴിഞ്ഞതുകൊണ്ട് വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്നുണ്ട്. ആദ്യം എടുത്തുപറയേണ്ടത് പദ്ധതിച്ചെലവിൽ ഉണ്ടായ വർദ്ധനവാണ്. 2014-15 മുതലുള്ള 3 വർഷക്കാലം പദ്ധ

**കേരളത്തിന്റെ ജനകീയാസൂത്രണത്തെ മാതൃകയാക്കിക്കൊണ്ട് അഖിലേന്ത്യാടിസ്ഥാനത്തിൽ ജനകീയാസൂത്രണം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ നേട്ടങ്ങൾ വളരെ പ്രസക്തമാണ്. പക്ഷെ, ഈ രംഗത്ത് ഇനിയും നമുക്ക് വളരെയേറെ മുന്നോട്ടു പോകേണ്ടതുണ്ട്.**



തിച്ചെലവ് 68 ശതമാനം, 73 ശതമാനം, 67 ശതമാനം എന്നീ രീതിയിലായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം പദ്ധതിച്ചെലവ് 85 ശതമാനമായി. ട്രഷറികളിൽ വളരെ താമസിച്ച സമർപ്പിച്ച ക്യൂ ബില്ലുകൾ കൂടി പരിഗണിച്ചാൽ ഇത് 90 ശതമാനമാണ്. ഇതൊരു സർവ്വകാല റിക്കാർഡാണ്. വർഷാന്ത്യത്തിൽ മാർച്ചുമാസത്തെ അവസാനത്തെ ആഴ്ചകളിൽ ഓടിച്ചിട്ട് പണം ചെലവാക്കി തീർക്കുന്നതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിച്ചിരുന്ന പ്രശ്നങ്ങൾ ഒഴിവാക്കാൻ ഇപ്പോൾ കഴിയുന്നുണ്ട്. നിർവഹണത്തിന് സാവകാശം ലഭിച്ചിരിക്കുന്നു എന്നത് ചെറിയ കാര്യമല്ല. ഉദാഹരണത്തിന് കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയ രംഗങ്ങളിലെ പ്രോജക്ടുകൾ വർഷം തീരാറാവുമ്പോൾ പെട്ടെന്നു തുടങ്ങി പൂർത്തിയാക്കാൻ കഴിയില്ല. അങ്ങനെയായാൽ 'കുറച്ചു പണം വിതരണം ചെയ്യുന്നവ മാത്രമായി' അത്തരം പ്രോജക്ടുകൾ മാറും. വർഷാരംഭത്തിൽ തന്നെ നിർവഹണം ആരംഭിക്കുന്നതുകൊണ്ട് കൃഷിയിൽ എന്നല്ല എല്ലാ രംഗങ്ങളിലും തുടക്കം മുതൽ സമയോചിതമായി ഇടപെടാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ കഴിയുന്നുണ്ട്.

നിർമ്മാണ പ്രോജക്ടുകളുടെ സുഗമമായ നിർവഹണത്തിന് തടസ്സമായി നിന്നിരുന്ന ഒരു ഘടകം അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രോജക്ടുകൾ പരിശോധിക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള സൗകര്യമില്ലായിരുന്നു എന്നതാണ്. ഉദാഹരണത്തിന് ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷന്റെയും ആയിരക്കണക്കിന് പ്രോജക്ടുകൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ച് അംഗീകാരം നൽകേണ്ടി വന്നു. എന്നാൽ പ്രോജക്ട് പരിശോധനയും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള അധികാരവും വികേന്ദ്രീകരിച്ചുകൊണ്ട് ഈ തടസ്സം നീക്കി. ഇതിനായി മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ പുതിയ നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് ട്രഷറി കോഡു സഹിതം നൽകി. ഉദ്യോഗസ്ഥതലത്തിൽ വരുത്തിയ ഈ മാറ്റം നിർമ്മാണ രംഗത്ത് മാത്രമല്ല മറ്റു വികസന മേഖലകളിലും നടപ്പാക്കി.

അഴിമതി കുറയ്ക്കാൻ കഴിഞ്ഞു എന്നതാണ് എടുത്തു പറയേണ്ട മറ്റൊരു നേട്ടം. ഉദാഹരണത്തിന് നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്നതിൽ ചില ആക്ഷേപങ്ങൾ നിലനിന്നിരുന്നു. ഇത് പരിഹരിക്കുന്നതിന് ചെറിയ പ്രവൃത്തികളുടെ നിർവ്വഹണം ടെണ്ടറിലൂടെയാക്കി എന്നു മാത്രമല്ല അഞ്ച് ലക്ഷത്തിൽ അധികമായ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് നിർബന്ധമാക്കി. ഇതിന്റെ ഫലമായി കഴിഞ്ഞ വർഷം 240 കോടി രൂപ ടെണ്ടർ സേവിംഗ്സ് ആയി പ്രാദേശിക സർക്കാരുകൾക്ക് ലഭിച്ചു. ഈ വർഷം ഇതുവരെ 210 കോടി രൂപ ടെണ്ടർ സേവിംഗ്സായി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ ഈ കാര്യക്ഷമതയ്ക്കൊപ്പം തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതി പിരിവിലും പ്രാദേശിക സർക്കാരുകൾ പ്രത്യേക ഇടപെടൽ നടത്തി. അതിന്റെ ഫലമായി കഴിഞ്ഞ വർഷം ഗ്രാമപഞ്ചായത്തുകളിൽ മാത്രം അധികമായി 213 കോടി രൂപ പിരിച്ചെടുത്തു.

മുൻപു സൂചിപ്പിച്ച പ്രസംഗത്തിൽ ഞാൻ ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം ജനകീയാസൂത്രണം ഉല്പാദനമേഖലയെ അവഗണിക്കുന്നു എന്നതായിരുന്നു. പല പഠനങ്ങളും ഇക്കാര്യം നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ഉല്പാദന മേഖലയ്ക്ക് ഒരു നിശ്ചിത ശതമാനം തുകയെങ്കിലും നീക്കിവയ്ക്കണം എന്ന നിബന്ധന ഒഴിവാക്കിയതോടുകൂടി കൃഷിയും അനുബന്ധ മേഖലകളും വ്യവസായവും പൂർണ്ണമായും അവഗണിക്കപ്പെട്ടു. പണം മുഴുവൻ റോഡുകൾക്കും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കും നൽകുന്ന നില ഉണ്ടായി. അതുകൊണ്ടാണ് പദ്ധതിപ്പണത്തിന്റെ വിനിയോഗത്തിൽ മേഖലാ

**ആസൂത്രണം സമയബന്ധിതമാക്കിയതു പോലെ പ്രാദേശിക പദ്ധതികളുടെയും പ്രോജക്ടുകളുടെയും ഗുണനിലവാരത്തിൽ എല്ലാവരും അംഗീകരിക്കുന്ന നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുവേണം നിങ്ങൾ സ്ഥാനമൊഴിയാൻ. ഈ യജ്ഞത്തിൽ സംസ്ഥാന സർക്കാർ കക്ഷി രാഷ്ട്രീയത്തിന തീതമായി നിങ്ങളോടൊപ്പം ഉണ്ടാകും.**

നിബന്ധനകൾ തിരികെ കൊണ്ടുവന്നത്. കൂടാതെ സബ്സിഡി നിരക്ക് വകുപ്പുകളുടെ നിരക്കുമായി ഏകീകരിച്ചു. കൃഷി മേഖലയിൽ ധനസഹായം എല്ലാ നാമമാത്ര ചെറുകിട കർഷകർക്കും ലഭ്യമാകുന്ന രീതിയിലാക്കി. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാനപരിധി ഒഴിവാക്കി.

ഈ മാറ്റങ്ങളുടെ ഫലമായി പ്രാദേശിക സർക്കാരുകൾ ഉല്പാദനമേഖലയിൽ വിശേഷിച്ചു കൃഷിയിലും മൃഗപരിപാലനത്തിലും സജീവമായി ഇടപെടുന്ന സ്ഥിതിയുണ്ടായി. കൃഷിക്കാർക്ക് ആനുകൂല്യം നൽകുന്നതിനുള്ള വരുമാന പരിധി ഉയർത്തിയതും നിയന്ത്രണങ്ങൾ നീക്കിയതും വലിയ മാറ്റത്തിനു കാരണമായിട്ടുണ്ട്. തരിശുനിലങ്ങൾ വീണ്ടെടുക്കുന്നതിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിലും പാലിന്റെയും മുട്ടയുടെയും ഇറച്ചിയുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

ജനകീയാസൂത്രണരംഗത്തെ മറ്റൊരു പോരായ്മയായി തുടക്കത്തിൽ ഞാൻ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രശ്നം നഗരവത്ക്കരണത്തിന്റെ സവിശേഷ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ കഴിയുന്നില്ല എന്നതായിരുന്നു. ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ നഗരവൽക്കരണം നടക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും ഒരേ മാർഗ്ഗരേഖയും ആസൂത്രണസമീപനവുമാണ് നാം സ്വീകരിച്ചു പോന്നത്. ഈ സർക്കാർ വന്നതിനുശേഷം നഗരസഭകൾക്കായി പ്രത്യേകം ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കി. നഗരവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് വ്യത്യസ്ത സമീപനവും പുതിയ പ്രോജക്ട് ആശയങ്ങളും നിർദ്ദേശിച്ചു. ഈ മാറ്റം നഗരവികസന പദ്ധതികളിൽ പ്രതിഫലിച്ചു തുടങ്ങിയിട്ടുണ്ട്. പക്ഷെ, ഈ കാര്യത്തിൽ ഇനിയും നമുക്ക് ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. കേരളത്തിലെ എല്ലാ നഗരങ്ങളെയും മാതൃകാനഗരങ്ങളായി മാറ്റാൻ നമുക്കു കഴിയണം. ജനപങ്കാളിത്തത്തോടുകൂടി കൂട്ടായ പരിശ്രമം ഉണ്ടായാൽ നമുക്ക് അതിനു കഴിയും.

പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രശ്നം പദ്ധതി പ്രവർത്തനങ്ങളിൽ കാണുന്ന ഏകോപനത്തിന്റെ അഭാവമാണ്. വിവിധ തട്ടു ഗവൺമെന്റുകൾ തമ്മിലും വികസന വകുപ്പുകൾ തമ്മിലും ശരിയായ ഏകോപനമില്ലാത്തത് ഒരു വലിയ ന്യൂനതയാണ്. ഇത് പരിഹരിക്കാനാണ് ഭരണഘടനയിൽ ജില്ലാ പദ്ധതി രൂപീകരിക്കണം എന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചത്. എന്നാൽ ഭരണഘടന നിർദ്ദേശിക്കുന്ന ജില്ലാ പദ്ധതി തയ്യാറാക്കാനും വിജയകരമായി നടപ്പിലാക്കാനും ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും കഴിഞ്ഞിട്ടില്ല.

പക്ഷെ ഇന്ത്യയിലാദ്യമായി നമുക്ക് കഴിഞ്ഞ വർഷം കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞു. ജില്ലാ പദ്ധതി രേഖകൾ ഭാവിയിൽ ആസൂത്രണരംഗത്ത് വലിയ മുതൽക്കൂട്ടാവും. എല്ലാ ജില്ലാപദ്ധതിയിലും വിവിധതട്ടു സർക്കാരുകൾ ചേർന്ന് ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരം പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ബജറ്റിൽ പണം നീക്കി വച്ചിട്ടുണ്ട്. നവകേരള നിർമ്മാണത്തിന്റെ ഭാഗമായി ജില്ലാ പദ്ധതിയിലെ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാൻ നിർദ്ദേശമുണ്ട്. ഇക്കാര്യത്തിൽ ജില്ലാ ആസൂത്രണസമിതികളുമായി ആലോചിച്ച് ഉചിതമായ തീരുമാനം എടുക്കും.

പ്രാദേശിക പദ്ധതികളുടെ ഗുണനിലവാരത്തിലും അവയുടെ ഏകോപനത്തിലും മുൻകാലത്തുണ്ടായ പരിമിതികൾ പരിഹരിക്കുന്നതിനും കൂടിയാണ് സംസ്ഥാന സർക്കാർ നവകേരള പരിപാടിയുമായി ബന്ധപ്പെട്ട മിഷനുകൾ ആരംഭിച്ചത്. മിഷനുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രാഥമിക ചുമതലയുള്ള മേഖലകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ വലിയ തോതിൽ പണം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന പദ്ധതി വിഹിതത്തിന് പുറമേയാണ്.

പൊതുവിദ്യാഭ്യാസ യജ്ഞം, ആർദ്രം എന്നീ മിഷനുകൾ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ മേഖലയിലും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഗണ്യമായി ഉയർത്തിയിട്ടുണ്ട്. ഇത് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ കണക്കിലും സർക്കാർ ആശുപത്രികൾ സന്ദർശിക്കുന്ന രോഗികളുടെ എണ്ണത്തിലും പ്രതിഫലിക്കുന്നുണ്ട്. മിഷനുകളുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്. എന്നാൽ ജനപങ്കാളിത്തം ഇനിയും മെച്ചപ്പെടുത്താനുള്ള സാധ്യതകൾ ഏറെയാണ്.

ലൈഫ് മിഷനിൽ പണി തീരാത്ത വീടുകൾ പൂർത്തിയാക്കുന്ന ആദ്യത്തെ ഘട്ടം ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. രണ്ടാമത്തെ ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരുടെ വീടുകൾ പൂർത്തിയാക്കുന്ന പ്രവൃത്തി ഹഡ്കോ വായ്പ സംബന്ധിച്ച പ്രശ്നങ്ങൾ നീങ്ങിയതോടെ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്. മിഷൻ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തംകൊണ്ട് ഏറെ ശ്രദ്ധേയമായിട്ടുള്ളത്

**ഇന്ത്യയിലാദ്യമായി നമുക്ക് കഴിഞ്ഞ വർഷം കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞു. ജില്ലാ പദ്ധതിരേഖകൾ ഭാവിയിൽ ആസൂത്രണ രംഗത്ത് വലിയ മുതൽക്കൂട്ടാവും. എല്ലാ ജില്ലാ പദ്ധതിയിലും വിവിധതട്ടു സർക്കാരുകൾ ചേർന്ന് ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ നിർദ്ദേശിച്ചിട്ടുണ്ട്.**

തീർച്ചയായും ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളാണ്. തോടുകളുടെയും കുളങ്ങളുടെയും നദികളുടെയും ശുചീകരണത്തിൽ തുടങ്ങി മാലിന്യനിർമ്മാർജ്ജനംവരെയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തം വലിയ ആവേശവും പ്രതീക്ഷയുമാണ് സൃഷ്ടിച്ചിരിക്കുന്നത്. മിഷനുകളും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് ജനകീയ വേദികളും തമ്മിലുള്ള ഏകോപനം കൂടുതൽ ശക്തമാക്കി മുന്നോട്ടുകൊണ്ടുപോകാനും മിഷനുകളുടെ ലക്ഷ്യങ്ങൾ ഒന്നൊഴിയാതെ നേടിയെടുക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്.

ഇതുവരെ പറഞ്ഞ നേട്ടങ്ങളുടെ കഥ ജനകീയാസൂത്രണ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം അഭിമാനകരമാണ്. കേരളത്തിന്റെ ജനകീയാസൂത്രണത്തെ മാതൃകയാക്കിക്കൊണ്ട് അഖിലേന്ത്യാടിസ്ഥാനത്തിൽ ജനകീയാസൂത്രണം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ നേട്ടങ്ങൾ വളരെ പ്രസക്തമാണ്. പക്ഷെ, ഈ രംഗത്ത് ഇനിയും നമുക്ക് വളരെയേറെ മുന്നോട്ടു പോകേണ്ടതുണ്ട്. 2017-ലെ പ്രസംഗത്തിൽ ഞാൻ ചൂണ്ടിക്കാണിച്ച ചില പ്രധാന ലക്ഷ്യങ്ങൾ ഇനി നേടിയെടുക്കേണ്ടതുണ്ട്. ഒന്നാമത്തേത് ജനപങ്കാളിത്തം ഗണ്യമായി വർദ്ധിപ്പിക്കണം എന്നതാണ്.

പങ്കാളിത്തം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അയൽക്കൂട്ടത്തിലും ഗ്രാമസഭയിലും ഉള്ള പങ്കാളിത്തം മാത്രമല്ല. അത് പ്രധാനമാണ്. ഒപ്പം പ്രോജക്ട് തയ്യാറാക്കുന്നതിലും നിർവഹണത്തിലും മോണിറ്ററിംഗിലും മറ്റും ജനപങ്കാളിത്തത്തിന് വിശേഷിച്ചും വിദഗ്ധരുടെ പങ്കാളിത്തത്തിന് വലിയ പ്രാധാന്യമുണ്ട്. പങ്കാളിത്തം എണ്ണത്തിലും ഗുണത്തിലും ഗണ്യമായി വർദ്ധിപ്പിക്കണം. ജനങ്ങൾ താന്താങ്ങളുടെ പ്രദേശങ്ങളുടെ വികസനത്തിൽ കൂടുതൽ താല്പര്യമെടുത്ത് ഇടപെടുന്ന നിലയാണ് ഉണ്ടാവേണ്ടത്.

രണ്ടാമത്തെ കാര്യം പ്രാദേശിക പദ്ധതികളുടെയും പ്രോജക്ടുകളുടെയും ഗുണനിലവാരം വലിയ രീതിയിൽ ഉയർത്തുക എന്നതാണ്. പ്രോജക്ടുകളിലെ അറിവിന്റെയും സാങ്കേതിക വിദ്യയുടെയും ഉള്ളടക്കം ഗണ്യമായി ഉയർത്തണം. ഇതിനു പ്രോജക്ട് തയ്യാറാക്കുന്ന ഘട്ടത്തിലും അതിനു സാങ്കേതികവും ഭരണപരവുമായ അനുമതി നൽകുന്ന ഘട്ടത്തിലും പ്രത്യേക ശ്രദ്ധ വേണം. പ്രോജക്ട് തയ്യാറാക്കുന്നതിലും വെറ്റിംഗിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത കാണിക്കണം. പ്രോജക്ടിന്റെ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് മാത്രമേ പരിശോധിച്ച് അംഗീകാരം നൽകാവൂ.

വാർഷിക പദ്ധതി രൂപീകരണത്തിലും പ്രോജക്ടുകൾ എഴുതി തയ്യാറാക്കുന്നതിലും ബന്ധപ്പെട്ട വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും അവരുടെ സജീവമായ പങ്കാളിത്തം ഉറപ്പാക്കുകയും വേണം. ഇതിനുപുറമെ പ്രോജക്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നുണ്ട്. അതിൽ ഒന്ന് പുതിയ ബജറ്റിൽ പ്രഖ്യാപിച്ച ജില്ലാ റിസോഴ്സ് സെന്ററാണ്. റിസോഴ്സ് സെന്ററിൽ അംഗങ്ങളായ വിദഗ്ധർ തദ്ദേശ സ്ഥാപനങ്ങളെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സഹായിക്കും.

പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ കേരളത്തിലെ സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വലിയ പങ്കു വഹിക്കാൻ കഴിയും. അക്കാദമിക് സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളും തമ്മിലുള്ള ബന്ധം ബലപ്പെടുത്താൻ സർക്കാർ ഒരു പരിപാടി തയ്യാറാക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ - ഗവേഷണ സ്ഥാപനങ്ങൾക്ക് അവർ തെരഞ്ഞെടുക്കപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ വേണ്ട സാങ്കേതിക സഹായം നൽകാം. നല്ല പ്രോജക്ട് ആശയങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാനും വിശദമായ പ്രോജക്ട് രേഖ തയ്യാറാക്കാനും സഹായിക്കാം. ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിൽ ആരോഗ്യകരമായ മത്സരം നടക്കണം.

നല്ല പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്ക് അനുയോജ്യമായ അംഗീകാരം സർക്കാർ നൽകും. ഇതിന് പുറമെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവരുടെ വിദഗ്ധന്മാരുടെ സേവനം ജില്ലാ റിസോഴ്സ് ഗ്രൂപ്പിന് നൽകാം. തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ജില്ലാ റിസോഴ്സ് സെന്റർ വഴിയായും സഹായിക്കാം. ഈ ലക്ഷ്യം മുൻനിർത്തി വൈകാതെ സർവ്വകലാശാലകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഒരു യോഗം വിളിച്ച് ചേർത്ത് ഭാവി പരിപാടി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

നിലവിലെ ഭരണസമിതിയുടെ കാലാവധി തീരുന്നതിനുമുമ്പ് ജനകീയാസൂത്രണ ചരിത്രത്തിൽ അഭിമാനകരമായ ഒരു ചരിത്രം എഴുതിച്ചേർത്തുകൊണ്ടാവണം നിങ്ങൾ പിരിഞ്ഞു പോകുന്നതും അടുത്ത തെരഞ്ഞെടുപ്പിനെ നേരിടുന്നതും. ആസൂത്രണം സമയബന്ധിതമാക്കിയതുപോലെ പ്രാദേശിക പദ്ധതികളുടെയും പ്രോജക്ടുകളുടെയും ഗുണനിലവാരത്തിൽ എല്ലാവരും അംഗീകരിക്കുന്ന നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുവേണം നിങ്ങൾ സ്ഥാനമൊഴിയാൻ. ഈ യജ്ഞത്തിൽ സംസ്ഥാന സർക്കാർ കക്ഷി രാഷ്ട്രീയത്തിനതീതമായി നിങ്ങളോടൊപ്പം ഉണ്ടാകും. □

തരിശു നിലങ്ങൾ വീണ്ടെടുക്കുന്നതിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിലും പാലിന്റെയും മുട്ടയുടെയും ഇറച്ചിയുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം

# ഭാവനാപൂർണ്ണമായ പ്രവർത്തനം നടത്തണം: മന്ത്രി എ.സി.മൊയ്തീൻ




**തൃശ്ശൂരിൽ നടന്ന പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി എ.സി.മൊയ്തീൻ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ നിന്നും**

മുൻ ഗുജറാത്ത് മുഖ്യമന്ത്രിയും പ്രഗൽഭനായ പാർലമെന്റേറിയനുമൊക്കെയായ ബൽവന്ത് റായ് മേത്ത അദ്ധ്യക്ഷനായ കമ്മീഷൻ 1958 ൽ സമർപ്പിച്ച റിപ്പോർട്ടാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ തുടക്കമായി കണക്കാക്കുന്നത്. ബൽവന്ത്റായ് മേത്ത കമ്മിറ്റിയുടെ കാലത്ത് തന്നെ കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ എങ്ങനെ ആയിരിക്കണം എന്ന ദിശാബോധം നൽകുന്ന അദ്ദേഹത്തിന്റെ കുറിപ്പ് നൽകിയിട്ടുണ്ട്. സുശക്തമായ കേന്ദ്രഭരണവും സംതൃപ്തമായ സംസ്ഥാനങ്ങളും എന്ന ഫെഡറൽ ആശയത്തിലൂന്നി കേന്ദ്രഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റും കൈകാര്യം ചെയ്യേണ്ട പ്രധാന വിഷയങ്ങൾ ഒഴികെ മറ്റെല്ലാം പ്രാദേശിക ഗവണ്മെന്റുകൾക്ക് അധികാരവും പണവും ഉൾപ്പെടെ കൈമാറണം എന്ന ആശയം 1958 ൽ ഇ.എം.എസ്. മേത്തകമ്മിറ്റിക്കു മുന്നിൽ ഉന്നയിച്ചതാണ്. റിപ്പോർട്ട് വന്നതിന് ശേഷം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുണ്ടായി. 73,74 ഭരണഘടനാ ഭേദഗതി വന്നതിനുശേഷവും ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ, പഴയ ജാതി പഞ്ചായത്തുകളുടെ അവശിഷ്ടങ്ങൾ ഇന്ത്യയുടെ പലഭാഗങ്ങളിൽ ഇന്നും നിലനിൽക്കുന്നു. ജന്മി-നാടുവാഴിത്ത വ്യവസ്ഥിതിയുടെ ഭാഗമായി നിലനിൽക്കുന്ന ഒരു ഫ്യൂഡലിസ്റ്റ് സമൂഹം അധഃസ്ഥിതനെയും

പിന്നോക്കക്കാരനെയും പഞ്ചായത്ത് പ്രസിഡന്റിന്റെ കസേരയിൽ കയറിയിരിക്കാൻ അനുവദിക്കാതിരിക്കുകയും അഥവാ ഇരുന്നാൽ ശുദ്ധീകർമ്മംചെയ്യുകയും ചെയ്യുന്ന വാർത്തകൾ ഇപ്പോഴും വരുന്നുണ്ട്. അതിൽ നിന്നും വ്യത്യസ്തമാണ് കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സ്ഥിതി എന്ന് നമുക്ക് അറിയാം.

ഭരണഘടനാ ഭേദഗതികൾക്ക് മുൻപുതന്നെ കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന് വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ചുവടുവെയ്പ്പ് നടന്നത് നിങ്ങളുടെ ഓർമ്മയിലുണ്ടാവും. ജില്ലാ കളക്ടർമാരെ സെക്രട്ടറിമാരാക്കി ജില്ലാ ആസൂത്രണത്തിനുവേണ്ടി ജില്ലാ ഗവണ്മെന്റ് എന്ന കാഴ്ചപ്പാട് 1990 ൽ നടപ്പാക്കിയതിന്റെ അനുഭവമുള്ളവരാണ് നമ്മൾ. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് അധികാരവികേന്ദ്രീകരണത്തിന് വേണ്ടിയുള്ള ഏറ്റവും മാതൃകാപരമായ അത്തരമൊരു പ്രവർത്തനം നടന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ നടത്തിപ്പിന് മാതൃകയായി ഒരു ചുവട് മുന്നിൽ കേരളം നടന്നിട്ടുണ്ട് എന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഇത് പറഞ്ഞത്. ഭരണഘടനാ ഭേദഗതികൾക്കു ശേഷം നമ്മുടെ സംസ്ഥാനം അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീ സംവരണം 50ശതമാനമാക്കിയത് നമ്മുടെ പ്രിയപ്പെട്ട കേരളമാണ് എന്ന് അഭിമാനത്തോടെ പറയാൻ കഴിയും. അധികാരത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രത്യേക കാഴ്ചപ്പാട് മലയാളികൾക്കുണ്ട്.

അധികാരവികേന്ദ്രീകരണത്തിന്റെ തത്വം - രാജ്യരക്ഷയും ആഭ്യന്തരസുരക്ഷയും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന കേന്ദ്രഗവണ്മെന്റ്, നാനാവിഭാഗത്തിലുള്ള ജനങ്ങളുള്ള സംതൃപ്തമായ ഫെഡറൽ സ്റ്റേറ്റുകളും അതിനുതാഴെ പ്രാദേശിക ഗവണ്മെന്റുകളും എന്ന കാഴ്ചപ്പാട്, ആ കാഴ്ചപ്പാട് ഉയർത്തിപിടിക്കാൻ ഇപ്പോഴും പരിമിതികളുണ്ട്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ രൂപീകരണത്തിനുശേഷവും അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായുള്ള അധികാരങ്ങൾ വിട്ടുകൊടുത്തിട്ടില്ല. നമ്മൾ ഇവിടെ പരമാവധി വകുപ്പുകളുടെ അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ പ്രാപ്തി തെളിയിച്ചാൽ സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾ ഇനിയും താഴേക്ക് നൽകണം. കേന്ദ്രം, പ്രത്യേക അവകാശങ്ങളുടെ ഭാഗമായി സംസ്ഥാന വിഷയങ്ങളുടെ മേൽ ഇടപെടുന്നത് നിർത്തണം. കൂടുതൽ അധികാരങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകണം. അപ്പോൾ നാനാത്വത്തിൽ ഏകത്വം എന്ന രാജ്യത്തിന്റെ ഫെഡറൽ തത്വത്തിന്റെ അന്ത:സത്ത ഉയർത്തിപിടിച്ച് മുന്നോട്ട് പോകാൻ നമുക്ക് സാധിക്കും.

ഗ്രാമപ്രദേശത്തുള്ള പ്രാദേശിക ജനവിഭാഗങ്ങളുടെ ജീവിതത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നത് താഴെ തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അധികാരവികേന്ദ്രീകരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചെന്ന് നിൽക്കുകയാണ് എന്ന് കരുതിയേക്കരുത്. ജനങ്ങളാണ് അധികാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉടമകൾ. അധികാരവികേന്ദ്രീകരണത്തിന്റെ വലിയ മുന്നോട്ടുപോക്ക് നടന്നിട്ടുള്ള കേരളത്തിലും അത് 100 ശതമാനത്തിലേക്കെത്താൻ ഇനിയും സഞ്ചരിക്കേണ്ടേ? നമ്മുടെ ഗ്രാമസഭകളിൽ പങ്കെടുക്കുന്ന ജനവിഭാഗങ്ങളുടെ പങ്കാളിത്തവും വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടും വളർത്തിയെടുക്കാൻ ഒരുപാട് ശ്രമം നടന്നിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനം അതിന് വളരെ വലിയ പങ്കുവഹിച്ചു. ജനകീയാസൂത്രണ പ്രസ്ഥാനം, ആസൂത്രണപ്രക്രിയ ഉപരിതല ഉദ്യോഗസ്ഥർ മുകളിൽ നിന്ന് കെട്ടിയൊരുക്കുക എന്ന കാഴ്ചപ്പാടിന് അന്ത്യം കുറിക്കുകയും പ്രാദേശിക വികസനത്തിന് ജനങ്ങളുടെ ആവശ്യം എന്താണെന്ന് മനസ്സിലാക്കുകയും അത് താഴേതലത്തു നിന്ന് മുകളിലേക്ക് പോകേണ്ടതാണ് എന്ന കാഴ്ചപ്പാട് അവതരിപ്പിക്കുകയും ചെയ്തു. തലതിരിഞ്ഞ് കിടന്നതിനെ നേരെയാക്കി എന്നതാണ് അതിന്റെ പ്രത്യേകത. അതിന്റെ ഭാഗമായി ജനകീയാസൂത്രണത്തിന് ദോഷങ്ങൾ ഉണ്ടായിട്ടില്ല എന്നൊന്നുമല്ല പറയുന്നത്. പക്ഷെ, നമ്മുടെ

ഗ്രാമപ്രദേശത്തുള്ള പ്രാദേശിക ജനവിഭാഗങ്ങളുടെ ജീവിതത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നത് താഴെതട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.





നാട്ടിൻപുറങ്ങളിലുണ്ടായ മാറ്റം എത്രയോ വലുതാണ്. നമ്മുടെ ഉൽപ്പാദന മേഖലയിൽ, പശ്ചാത്തല വികസനത്തിൽ, ക്ഷേമമേഖലയിൽ ഇന്നലെ വരെ ഇല്ലാത്ത കുതിച്ചുചാട്ടവും സാമ്പത്തിക വികസനവുമുണ്ടായിട്ടുണ്ട്. അത് അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളം മുന്നോട്ടുവെച്ച മാതൃകയാണ്.

അധികാരവികേന്ദ്രീകരണത്തിന്റെ 20 കൊല്ലത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നമ്മുടെ കുറവുകൾ എന്താണെന്ന് കണ്ടെത്താൻ, അത് തിരുത്താൻ കക്ഷി രാഷ്ട്രീയത്തിനതീതമായി കഴിയണം. സാധാരണ ജനങ്ങളുടെ ജീവിതത്തിൽ വികസനത്തിന്റെ വെളിച്ചമെത്തിക്കാനാകണം. അപ്പോഴാണ് വികസനം എന്ന കാഴ്ചപ്പാട് പൂർണ്ണമാവുക. പാർശ്വവൽക്കരിക്കപ്പെട്ട അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിൽ 20 വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ എങ്ങനെ മുന്നോട്ട് പോകണം എന്നാലോചിക്കണം, വളരെ പ്രധാനപ്പെട്ട കാര്യമാണത്.

ആസൂത്രണപ്രക്രിയയിൽ, അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ മലയാളികൾ ഒരടി മുമ്പേ നടന്നു. ഈ നേട്ടങ്ങൾക്കിടയിൽ നമ്മൾ ആർജ്ജിക്കേണ്ടത് മുഴുവൻ നേടിയോ എന്നതാകണം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഓരോ സ്ഥാപനങ്ങളിലെ അംഗത്തിന്റെയും ഉദ്യോഗസ്ഥന്റെയും ചിന്ത.

നമ്മൾ അഭിമാനത്തോടെ പറയുന്ന കേരളാ മോഡൽ മുരടിക്കരുത്. പ്രത്യേകിച്ച് ലോകം ഒരു കമ്പോളമായി മാറുമ്പോൾ. പുതിയ ആശയങ്ങൾ, പുതിയ വിജ്ഞാനത്തിന്റെ വ്യാപനം ഇതൊക്കെ സ്വായത്തമാക്കാനും ആർജ്ജിക്കാനും കേരളാ മോഡലിന്റെ മികവ് വർദ്ധിപ്പിക്കാനും പുതിയ മേഖലകളിലേക്ക് കടക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ഊന്നൽ നൽകുന്നത്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സാമ്പത്തിക പ്രതിസന്ധിമൂലം സ്വദേശിവത്കരണം വരുകയാണ്. വിദ്യാഭ്യാസമേഖലയിൽ കേരളം നിക്ഷേപിച്ച പണം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് നമ്മുടെ ചെറുപ്പക്കാർ ലാഭകരമായി കേരളത്തിന് തിരികെ വിദേശപണമായി നേടിത്തരുന്നുണ്ട്. നമ്മുടെ നാട്ടിലെ നല്ല തലച്ചോറുള്ള ചെറുപ്പക്കാരെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പ്രയോജനപ്പെടുത്താനാണ് ഐ ടി മേഖലയിൽ നിക്ഷേപത്തിനുള്ള കാര്യങ്ങളുമായി മുന്നോട്ട് പോകുന്നത്. അതോടൊപ്പം തന്നെ സാമൂഹ്യ

നിയമങ്ങൾ ജനങ്ങൾക്കു വേണ്ടിയാണ്. നല്ല പോലെ പണിയെടുക്കുന്ന ഉദ്യോഗസ്ഥരെ സർക്കാർ സംരക്ഷിക്കുക തന്നെ ചെയ്യും. കേരളം ആഗ്രഹിക്കുന്ന സർവ്വീസായി തദ്ദേശസ്വയം ഭരണ സർവ്വീസ് മാറണമെന്ന് ഞാൻ ആശംസിക്കുകയാണ്.



അധികാരവികേന്ദ്രീകരണത്തിന്റെ 20 കൊല്ലത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നമ്മുടെ കുറവുകൾ എന്താണെന്ന് കണ്ടെത്താൻ, അത് തിരുത്താൻ കക്ഷി രാഷ്ട്രീയത്തിനതീതമായി കഴിയണം. സാധാരണ ജനങ്ങളുടെ ജീവിതത്തിൽ വികസനത്തിന്റെ വെളിച്ചമെത്തിക്കാനാകണം.

സേവന മേഖലകളിലും ഒട്ടും പുറകോട്ട് പോയ്കൂടാ. കേരളം സാമൂഹ്യസുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഒന്നാമതാണ്. പൊതുവിദ്യാഭ്യാസം അൺഇക്കണോമിക്ക് എന്ന് കണക്കാക്കരുത്. അതൊരു നിക്ഷേപമാണ്. 2.5 കോടി പുതിയ കുട്ടികൾ പൊതുവിദ്യാലയങ്ങളിലേക്ക് കടന്നുവന്നു. പൊതുവിദ്യാഭ്യാസം ജനങ്ങൾ ഏറ്റെടുത്തു എന്നുള്ളതിന് തെളിവാണത്. അതുപോലെതന്നെ പൊതുജനാരോഗ്യവും. സമ്പദ്‌വ്യവസ്ഥയുടെ പുരോഗതി നിർണ്ണയിക്കുന്നത് ആരോഗ്യമുള്ള ജനതയാണ്. ആർദ്രം മിഷൻ ജനങ്ങളുടെ ആരോഗ്യം സംരക്ഷിച്ച് ആരോഗ്യസംവിധാനത്തിന്റെ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നു. ആരോഗ്യമുള്ള ജനതയെ സൃഷ്ടിക്കലാണ് വികസന പ്രവർത്തനത്തിന്റെ അടിത്തറ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണം. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കണം. പ്ലാസ്റ്റിക് ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയണം. വികേന്ദ്രീകൃത മാലിന്യസംസ്കരണത്തെ നിരുത്സാഹപ്പെടുത്തികൊണ്ടല്ല, അത് പൂർണ്ണമായും നടപ്പിലാക്കികൊണ്ടുതന്നെ പട്ടണങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണം നടത്തണം.

നിയമങ്ങൾ ജനങ്ങൾക്കുവേണ്ടിയാണ്. നല്ലപോലെ പണിയെടുക്കുന്ന ഉദ്യോഗസ്ഥരെ സർക്കാർ സംരക്ഷിക്കുക തന്നെ ചെയ്യും. കേരളം ആഗ്രഹിക്കുന്ന സർവ്വീസായി തദ്ദേശസ്വയംഭരണ സർവ്വീസ് മാറണമെന്ന് ഞാൻ ആശംസിക്കുകയാണ്. □

*(തയ്യാറാക്കിയത്: പ്രസാദ് കാവീട്ടിൽ)*

*മന്ത്രി എ.സി. മൊയ്തീൻ, അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് ഐ.എ.എസ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു എന്നിവർ പഞ്ചായത്ത് ദിനാഘോഷം ഉദ്ഘാടന സമ്മേളന നഗരിയിൽ.*



# പഞ്ചായത്ത് ദിനാഘോഷം പുതിയ സമീപനം

**അഡ്വ: പി. വിശ്വംഭര പണിക്കർ**

പഞ്ചായത്തിരാജ് സംവിധാനത്തിന്റെ രചയിതാവും ഗുജറാത്ത് മുഖ്യമന്ത്രിയും പാർലമെന്റ് അംഗവുമായിരുന്ന ഡോ. ബൽവന്ത റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 ആണ് കേരളത്തിൽ പഞ്ചായത്ത് ദിനമായി ആഘോഷിക്കുന്നത്.

ഡോ. മേത്ത കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിനെ സംബന്ധിച്ച് പഠിക്കുവാൻ പാർലമെന്റ് നിയോഗിച്ച കമ്മറ്റിയുടെ ചെയർമാനായിരുന്നു. ഈ കമ്മറ്റി 1957 ൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിലാണ് ത്രിതലപഞ്ചായത്ത് സംവിധാനത്തെ സംബന്ധിച്ചുള്ള ആശയം ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ചത്. ഇതേ കാലയളവിൽ കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് നമ്പൂതിരിപ്പാട് കേരളത്തിൽ അധികാര വികേന്ദ്രീകരണം എന്ന ആശയം പ്രാവർത്തികമാക്കാൻ ശ്രമിച്ചു. നിർഭാഗ്യവശാൽ അന്ന് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. തുടർന്നുള്ള ഒട്ടേറെ ഇടപെടലുകളുടെ ഫലമായി ഇന്ത്യയിൽ ആദ്യമായി ശക്തമായ പഞ്ചായത്തിരാജ് സംവിധാനവും അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കി.

ഇത് ഒരു ആഘോഷമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ വിലയിരുത്തുവാനും മികവുറ്റ പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠിക്കുവാനും മനസ്സിലാക്കുവാനും ആശയ വിനിമയം നടത്തുവാനും ഉതകുന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു സംഗമവേദിയാണീ ദിനാഘോഷം. ഇവിടെ ഉയർന്നു വന്ന ചർച്ചകളും നിർദ്ദേശങ്ങളും നൂതന ആശയങ്ങളും പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ വികാസപ്രക്രിയയിൽ വലിയ സംഭാവന നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ക്ഷേമ വികസന പ്രവർത്തനങ്ങളും നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഉന്നയിക്കുവാനും പരിഹാരം കാണുവാനും കഴിയുന്ന ഒരു അവസരമായും ദിനാഘോഷം മാറുന്നു.

> ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി ഒരേ മനസ്സോടെ പ്രവർത്തിച്ചതിന്റെ പ്രതിഫലനമാണ് ഈ സമ്മേളനത്തിന്റെ വിജയം.

## സെമിനാറുകൾ

സമ്മേളനത്തിന്റെ ഭാഗമായി 'നവകേരള സൃഷ്ടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്', 'പ്രളയാനന്തര നവകേരള സൃഷ്ടി', 'നവകേരള മിഷനും നൂതന പദ്ധതികളും', 'മാലിന്യ സംസ്കരണം - വെല്ലുവിളികളും നൂതന മാർഗ്ഗങ്ങളും', 'ഗ്രാമതലങ്ങളിലെ സാംസ്കാരിക പ്രവർത്തനങ്ങൾ', 'അധികാര വികേന്ദ്രീകരണം - പരിപ്രേക്ഷ്യവും യാഥാർത്ഥ്യവും', എന്നീ വിഷയങ്ങളെ ആസ്പദമാക്കി തൃശ്ശൂരിലെ വിവിധ കേന്ദ്രങ്ങളിലായി സെമിനാറുകൾ നടന്നു. മന്ത്രിമാർ, എം.എൽ.എ മാർ, തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, വിഷയവിദഗ്ധർ തുടങ്ങിയവർ സെമിനാറുകളെ മികവുറ്റതാക്കി.

മറ്റ് എല്ലാ ജില്ലകളിലും വിവിധ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിച്ചു. വയനാട് ജില്ലയിൽ 'പരിസ്ഥിതിയും പ്രളയാനന്തര പ്രവർത്തനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാർ ചർച്ചകൾ കൊണ്ടും പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി. ഫെബ്രുവരി 16-ാം തീയ്യതി വൈകുന്നേരം തേക്കുംകാട് മൈതാനത്ത് 'പൊതു ഇടങ്ങളും പെൺ അതിരുകളും' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാർ വനിതാ പങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും മികച്ചതായി. ഈ സെമിനാറിൽ കേരളത്തിലെ സ്ത്രീ മുന്നേറ്റ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വനിതാ നേതാക്കൻമാരുടെ സാന്നിദ്ധ്യം ഏറെ ശ്രദ്ധേയമായിരുന്നു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ. തുളസി ടീച്ചറുടെ അദ്ധ്യക്ഷതയിൽ നടന്ന

സെമിനാറിന്റെ ഉത്ഘാടനം പ്ലാനിങ്ങ് ബോർഡ് മെമ്പർ ഡോ. മൃദുൽ ഈപ്പൻ നിർവ്വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി വിമൺ സ്റ്റഡീസ് വകുപ്പ് മേധാവി പ്രൊഫ. മിനി സുകുമാർ വിഷയം അവതരിപ്പിച്ചു. സംസ്ഥാന ജന്റർ കൺസൾട്ടന്റ് അഡ്വൈസർ ഡോ. ടി.കെ ആനന്ദി, ഡോ. നിധി ജസ്റ്റിൻ, പത്മിനി ടീച്ചർ, കില ഫാക്കൽറ്റി ഡോ. അമൃത, മാറാഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഇ. സിന്ധു എന്നിവർ പങ്കെടുത്തു.

## എക്സിബിഷൻ

ഫെബ്രുവരി 16-ന് തേക്കുംകാട് മൈതാനത്ത് ആരംഭിച്ച എക്സിബിഷൻ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ ഉത്ഘാടനം ചെയ്തു. പ്രദർശനങ്ങൾ കേരളത്തിലെ വിവിധ പഞ്ചായത്തുകൾ നടത്തിയ മികവുറ്റ പ്രവർത്തനങ്ങളുടെ നേർകാഴ്ചകളായിരുന്നു. ഈ മാതൃകകൾ ആയിരകണക്കിന് ആളുകൾ കാണുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തത് സംഘാടകർക്ക് ഏറെ ചാരിതാർത്ഥ്യത്തിന് ഇടയാക്കി.

## സ്പോർട്സ്

ചെസ്സ്, ഷട്ടിൽ ബാഡ്മിന്റൺ, ഫുട്ബോൾ തുടങ്ങിയ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ പഞ്ചായത്തിരാജിനെ അടിസ്ഥാനപ്പെടുത്തി ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും ക്വിസ് മത്സരവും ഉണ്ടായിരുന്നു.

## ദിനാഘോഷ പരിപാടികൾ

പഞ്ചായത്ത് ദിനാഘോഷ പരിപാടികൾ 18, 19 തീയ്യതികളിൽ തൃശ്ശൂർ ലുലു ഹാളിലാണ് നടന്നത്. ഹർത്താൽ കാരണം ഒന്നാം ദിവസ സമ്മേളനം മാറ്റി വച്ചു. ദിനാഘോഷ പരിപാടികൾ ഉത്ഘാടനം ചെയ്യുന്നതിന് 17-ാം തീയ്യതി രാത്രി തന്നെ മുഖ്യമന്ത്രി പിണറായി വിജയൻ തൃശ്ശൂരിൽ എത്തിചേർന്നിരുന്നു, സമ്മേളനം മാറ്റി വച്ചതു കൊണ്ട് അദ്ദേഹത്തിന്റെ ഉത്ഘാടന പ്രസംഗത്തിന്റെ കോപ്പികൾ പ്രതിനിധികൾക്ക് നൽകി. സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തേണ്ടിയിരുന്ന പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും ആശംസകൾ അറിയിച്ചു.

മൂവായിരത്തിലധികം രജിസ്റ്റർ ചെയ്ത പ്രതിനിധികളും മറ്റ് ജനകീയ പങ്കാളിത്തവും ഉണ്ടായ സമ്മേളനം താമസ്സവും ഭക്ഷണവും ഉൾപ്പടെ എല്ലാം ക്രമീകരണങ്ങളിലും യാതൊരു പിഴവുമില്ലാതെ നടത്താൻ കഴിഞ്ഞത് തൃശ്ശൂരിലെ പഞ്ചായത്ത് വകുപ്പ് ജീവനക്കാരും ജനപ്രതിനിധികളും അടങ്ങിയ സ്വാഗത സംഘത്തിന്റെയും ഇതിന് നേതൃത്വം നൽകിയ മന്ത്രി എ.സി മൊയ്തീന്റെയും മികവുറ്റ സംഘാടനത്തിന്റെ പ്രതിഫലനമായിരുന്നു.

രണ്ടാംദിവസം നടന്ന ജനറൽ ബോഡിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വകുപ്പുകളിലെ മേധാവികൾ എല്ലാവരും പങ്കെടുത്തു. അഡീഷണൽ ചീഫ് സെക്രട്ടറി റ്റി.കെ.ജോസ് ഐ.എ.എസ് മോഡറേറ്ററായിരുന്നു, ഗ്രാമവികസന കമ്മീഷണർ പത്മകുമാർ ഐ.എ.എസ്, കുടുംബശ്രീ ഡയറക്ടർ ഹരികിഷോർ ഐ.എ.എസ്, ലൈഫ് മിഷൻ സി.ഇ.ഒ യു. വി ജോസ് ഐ.എ.എസ്, ഐ.കെ.എം ഡയറക്ടർ ഡോ. ചിത്ര ഐ.എ.എസ്, പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ ഡോ. പി. പുഗഴേന്തി ഐ.പി.എസ്, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് ഡയറക്ടർ സാങ്കി, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അജയകുമാർ വർമ്മ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത്കുമാർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൺസൾട്ടന്റ് ഡോ. സി രാമകൃഷ്ണൻ, ആരോഗ്യ വകുപ്പിനെ പ്രതിനിധീകരിച്ച് ഡോ. ജഗദീഷ്, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. റീന കെ.ജെ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്ത് സംശയ നിവാരണങ്ങളും പുതിയ സമീപനവും വ്യക്തമാക്കി.

പഞ്ചായത്ത് രാജ് സംവിധാനത്തെ ശക്തമാക്കുവാനും അധികാരവികേന്ദ്രീകരണം പ്രാവർത്തികമാ ക്കാനും ജില്ലാ പഞ്ചായത്തുകൾക്ക് 17 ഉം മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്



*മന്ത്രി അഡ്വ. വി.എസ് സുനിൽ കുമാർ എക്സിബിഷൻ സ്റ്റാൾ സന്ദർശിക്കുന്നു*

തേക്കുംകാട് മൈതാനത്ത് ആരംഭിച്ച എക്സിബിഷൻ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ ഉത്ഘാടനം ചെയ്തു. പ്രദർശനങ്ങൾ കേരളത്തിലെ വിവിധ പഞ്ചായത്തുകൾ നടത്തിയ മികവുറ്റ പ്രവർത്തനങ്ങളുടെ നേർകാഴ്ചകളായിരുന്നു.

ദിനാഘോഷങ്ങളുടെ ചരിത്രത്തിൽ ആദ്യമായി ഗ്രാമപഞ്ചായത്ത് അസോസിയേഷന് ഈ ദൗത്യത്തിൽ മുഖ്യ പങ്ക് വഹിക്കാൻ അവസരം ലഭിച്ചതിലുള്ള സന്തോഷവും കടപ്പാടും രേഖപ്പെടുത്തുന്നു.

*ലേഖകൻ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയാണ്*

11 വകുപ്പുകളും കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്റ്റ് സെഷൻ 181 കൈമാറി കിട്ടിയ വകുപ്പിന്മേലുള്ള ബന്ധപ്പെട്ട പഞ്ചായത്തുകൾക്കുള്ള അധികാര അവകാശങ്ങൾ പ്രതിപാദിക്കുന്നതാണ്. സമീപ കാലത്ത് ഈ നിയമം ലംഘിച്ചുകൊണ്ടുള്ള ആരോഗ്യ, കൃഷി വകുപ്പുകളുടെ സർക്കുലറുകളെയും ഉത്തരവുകളെയും സംബന്ധിച്ചുള്ള ആശങ്കകൾ പല പ്രതിനിധികളും പ്രകടിപ്പിച്ചു. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം എന്ന് പൊതുവായ അഭിപ്രായവും ഉണ്ടായി.

ഉച്ചയ്ക്ക് ശേഷം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് തോമസ്സ് വക്കത്താനത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ മികച്ച പഞ്ചായത്തുകൾക്കുള്ള പുരസ്കാരങ്ങളും മഹാത്മാ പുരസ്കാരങ്ങളും പ്രതിഭകൾക്കുള്ള പുരസ്കാരങ്ങളും മന്ത്രി എ.സി മൊയ്തീൻ വിതരണം ചെയ്തു.

കേരളത്തിലെ 1107 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ നിന്നും മികവുറ്റ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തം യാതൊരു സംശയങ്ങളും പരാതികളും കൂടാതെ നീതിപൂർവ്വം നിർവ്വഹിക്കാൻ കഴിഞ്ഞു എന്നത് പഞ്ചായത്ത് സംവിധാനത്തിന്റെ സത്യസന്ധതയും ആത്മാർത്ഥതയും പ്രകടമാക്കുന്നതാണ്.

ദിനാഘോഷത്തിനുള്ള പ്രത്യേക മൊബൈൽ ആപ്പ്, ഇ-പോസ്റ്ററിങ്ങ്, ഓൺലൈൻ രജിസ്ട്രേഷൻ, ടെലഗ്രാം തുടങ്ങി എല്ലാ നവ മാധ്യമ സാങ്കേതിക വിദ്യകളും ഉപയോഗിക്കാൻ കഴിഞ്ഞത് ജീവനക്കാരുടെ കഴിവ് പ്രകടമാക്കുന്നതായിരുന്നു.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി ഒരേ മനസ്സോടെ പ്രവർത്തിച്ചതിന്റെ പ്രതിഫലനമാണ് ഈ സമ്മേളനത്തിന്റെ വിജയം. മന്ത്രി എ.സി മൊയ്തീന്റെ നിർദ്ദേശാനുസരണം പ്രൈവറ്റ് സെക്രട്ടറി കെ.പി അനിൽ കുമാർ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ജോസ് മാത്യു, മുൻ പഞ്ചായത്ത് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്, അഡീഷണൽ ഡയറക്ടർ എം.പി. അജിത്കുമാർ തുടങ്ങി പഞ്ചായത്ത് ഡയറക്ടേറ്റ് ജീവനക്കാരും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജോയി ജോൺ, മറ്റ് ജീവനക്കാരും ജനപ്രതിനിധികളും ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരിതോമസ്സ്, മറ്റ് പഞ്ചായത്ത് പ്രസിഡന്റുമാർ, അസോസിയേഷൻ തൃശ്ശൂർ ജില്ലാ സെക്രട്ടറി വിനയന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ വഹിച്ച പങ്ക് എടുത്ത് പറയേണ്ടതാണ്. കില ഡയറക്ടർ ഡോ. ജോയ് ഇളമണിന്റെ നേതൃത്വത്തിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തുകയുണ്ടായി.

നാടിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമ ഐശ്വര്യ പ്രവർത്തനങ്ങൾക്കും പുതിയമാനം നൽകുന്നതായിരിക്കണം ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഈ സംഗമവേദി എന്ന നയ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്.

ദിനാഘോഷങ്ങളുടെ ചരിത്രത്തിൽ ആദ്യമായി ഗ്രാമപഞ്ചായത്ത് അസോസിയേഷന് ഈ ദൗത്യത്തിൽ മുഖ്യ പങ്ക് വഹിക്കാൻ അവസരം ലഭിച്ചതിലുള്ള സന്തോഷവും കടപ്പാടും രേഖപ്പെടുത്തുന്നു. ഗവൺമെന്റിന്റെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഈ കൂട്ടായ്മ തുടർന്നും നിലനിർത്താൻ കഴിയട്ടെ. ☐





# പ്രതിനിധി സമ്മേളന വേദിയിൽ നിന്ന്

ഹർത്താലിനെ തുടർന്ന് ഒരു ദിവസമായി പരിമിതപ്പെടുത്തിയ സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ ഏറ്റവും ആകർഷകമായത് ഉദ്ഘാടന സമ്മേളനത്തിനു ശേഷം നടന്ന പ്രതിനിധി സമ്മേളനമായിരുന്നു. അധികാര വികേന്ദ്രീകരണത്തെ തുടർന്ന് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറി നല്കിയ വിഷയങ്ങളുടെ വകുപ്പുതല മേധാവികൾ പങ്കെടുത്ത സമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റ്റി.കെ. ജോസ് ഐ.എ.എസ് മോഡറേറ്ററായിരുന്നു. വിവിധ വകുപ്പുകളെയും മിഷനുകളെയും പ്രതിനിധീകരിച്ച് എൻ. പത്മകുമാർ ഐ.എ,എസ് (കമ്മീഷണർ, ഗ്രാമവികസന വകുപ്പ് & പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്), എസ്.ഹരികിഷോർ, ഐ.എ.എസ് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ), ഡോ. സി. രാമകൃഷ്ണൻ (കൺസൾട്ടന്റ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം), യു.വി.ജോസ് ഐ.എ.എസ് (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ), പി.ആർ. സജീകുമാർ (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം), എം.പി.അജിത്കുമാർ (അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്), ടോമി ചാക്കോ (അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്), ഡോ. എസ്. ചിത്ര ഐ.എ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ,




*പ്രതിനിധി സമ്മേളനത്തിൽ വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നവർ*

ഐ.കെ.എം), ഡോ. സി.പി. വിനോദ് (ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ), പി.പുകഴേന്തി (ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്), ഡോ.ഡി.സാംഗി (ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്), ഡോ.ജോയ് ഇളമൺ (ഡയറക്ടർ, കില), ഡോ.റീന (അഡീഷണൽ ഡയറക്ടർ, ആരോഗ്യ വകുപ്പ്), ഡോ. ജഗദീഷ് (ഡെപ്യൂട്ടി ഡയറക്ടർ, ആരോഗ്യ വകുപ്പ്), ജിജി ജോർജ്ജ് (ചീഫ് ടൗൺ പ്ലാനർ), ഡോ. ആർ.അജയകുമാർ വർമ്മ (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, പി. കേശവൻ നായർ (എം.ഡി., ക്ലീൻ കേരള കമ്പനി ലിമിറ്റഡ്) തുടങ്ങിയവർ പങ്കെടുത്തു. സമ്മേളന പ്രതിനിധികൾ എഴുതി നൽകിയ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും സമ്മേളനത്തിൽ മറുപടി നല്കി.



## ടി.കെ. ജോസ് ഐ.എ.എസ്.

### അഡീഷണൽ ചീഫ് സെക്രട്ടറി

### തദ്ദേശസ്വയംഭരണ വകുപ്പ്

തദ്ദേശ സർക്കാരുകളുടെ പ്രവർത്തനത്തിന് എല്ലാ വിധ സഹായങ്ങളും സപ്പോർട്ടും നൽകേണ്ടവർ ഇവിടെയുണ്ട്. ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ നിരവധി സംശയങ്ങളും മാർഗ്ഗതടസ്സമുണ്ടാക്കുന്ന നിരവധി കാര്യങ്ങളുമുണ്ട്. പഞ്ചായത്ത് ദിനാഘോഷവേളയിലും അല്ലാതെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷരോട് നടത്തുന്ന കൂടിയാലോചനകളിലൂടെയാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉരുതിരിഞ്ഞ് വരുന്നത്. പ്രാദേശികതലത്തിൽ നിർവ്വവഹണം നടത്തുമ്പോൾ നിങ്ങൾക്ക് സഹായകരമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉരുതിരിഞ്ഞു വരേണ്ടതും ഇത്തരത്തിലുള്ള അഭിപ്രായപ്രകടനത്തിലൂടെയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ദേഹത്തിന്റെ സുദീർഘമായ പ്രസംഗത്തിൽ നിങ്ങൾ ചെയ്ത നല്ല പ്രവർത്തനങ്ങളെ ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്തതിനോടൊപ്പം വരുംകാല പ്രവർത്തനങ്ങൾക്ക മാർഗ്ഗനിർദ്ദേശം നൽകുകയുമുണ്ടായി. ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. ഇപ്പോഴും നിസ്സാരകാര്യങ്ങൾക്കുവേണ്ടി പല ഗ്രാമപഞ്ചായത്തുകൾക്കും സെക്രട്ടറിയേറ്റിലേക്ക് വരേണ്ടി വരുന്നുണ്ട്. അധികാര വികേന്ദ്രീകരണം പൂർണ്ണമായും നടപ്പിലാക്കണമെങ്കിൽ പഞ്ചായത്തുകൾക്ക് കുറേ കൂടി



തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് അധികാരം നൽകണം.

### എസ്.ഹരികിഷോർ ഐ.എ.എസ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും തമ്മിലുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷരും കുടുംബശ്രീ ചെയർപേഴ്സൺമാരും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും ഒരുമിച്ചുള്ള ട്രെയിനിംഗ് ആസൂത്രണം ചെയ്യുന്നുണ്ട്.

### പി.ആർ. സജി കുമാർ

**ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗം**

പഞ്ചായത്തുകളിൽ വർക്ക് നടക്കുവാൻ ബിറ്റുമിൻ കിട്ടുവാൻ എന്ത് നടപടി ചെയ്യണം എന്നൊരു ചോദ്യമുണ്ട്. പെട്രോളിയം കമ്പനികളിൽ നിന്നും ബിറ്റുമിൻ കിട്ടുവാൻ നടപടി എടുക്കുന്നുണ്ട്. പ്രൈവറ്റ് ബിറ്റുമിൻ ലഭ്യമാണ്. പക്ഷേ ക്വാളിറ്റി ഇല്ലാത്തതിനാൽ അനുമതി നൽകിയിട്ടില്ല.

### എൻ. പത്മകുമാർ ഐ.എ.എസ്.

**കമ്മീഷണർ, ഗ്രാമവികസന വകുപ്പ്**

ബ്ലോക്ക് പഞ്ചായത്തിനെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലിന്മേൽ സർക്കാർതലത്തിൽ നടപടികൾ എടുക്കേണ്ടതാണ്. MGNREGS വേതന കുടിശ്ശിക 2018 നവംബർ 20 വരെയുള്ളത് കണക്കാക്കി കേന്ദ്ര സംഘത്തെ അറിയിച്ചിട്ടുണ്ട്.

### ഡോ.പുകഴേന്തി

**ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്**

ജനസംഖ്യയുടെ 4.85 ശതമാനമാണ് പട്ടിക വർഗ്ഗം. ഇതിൽ 37 പട്ടിക വർഗ്ഗവിഭാഗങ്ങൾ ഉൾപ്പെടുന്നു. അമ്പതോളം പദ്ധതികൾ നടപ്പാക്കി വരികയാണ്. വിദ്യാഭ്യാസം, നൈപുണ്യ വികസനം, തൊഴിൽ ഇതിലാണ് സർക്കാർ ഏറ്റവും പ്രാധാന്യം കൊടുക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് മാത്രം വിചാരിച്ചാൽ ഈ വികസനം കൈവരിക്കാനാവില്ല. പഞ്ചായത്തുകളുടെ സഹായം കൂടിയേ തീരൂ. ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് ശുദ്ധജലത്തിന്റെ ലഭ്യത,



ശുചിത്വം ,അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയവ എല്ലാ പട്ടികവർഗ്ഗ കോളനികളിലും ലഭ്യമാക്കണം.

### ഡോ. റീന

**ഡെപ്യൂട്ടി ഡയറക്ടർ, ആരോഗ്യ വകുപ്പ്**

പഞ്ചായത്തിന് കൈമാറിയ പി.എച്ച്.സി ജീവനക്കാർ ഗ്രാമസഭകളിൽ പങ്കെടുക്കേണ്ടതില്ല എന്ന സർക്കുലർ വന്നത് പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമാണ്, അത് പിൻവലിക്കുമോ എന്ന ഒരു ചോദ്യം ലഭിച്ചിട്ടുണ്ട്. 2017 ൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുകയും മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ കാരണം വിശകലനം ചെയ്തപ്പോൾ ഫീൽഡ് ജീവനക്കാർ അവരുടെ ജോലിയിൽ കൂടുതൽ ശ്രദ്ധിക്കണമെന്ന് മനസ്സിലായപ്പോഴാണ് ആരോഗ്യ രംഗത്തെ ജോലിയിൽ കൂടുതൽ ശ്രദ്ധിക്കണം എന്ന സർക്കുലർ പുറപ്പെടുവിച്ചത്. അതിന്റെ പ്രയോജനം ഉണ്ടായി. 2018ൽ മുൻവർഷത്തെ അപേക്ഷിച്ച് സാംക്രമിക രോഗങ്ങൾ നാലിലൊരു ഭാഗമായി കുറയ്ക്കാൻ കഴിഞ്ഞു.

### ഡോ. ജഗദീഷ്

**ഡെപ്യൂട്ടി ഡയറക്ടർ, ആരോഗ്യവകുപ്പ്**

വികേന്ദ്രീകൃത ആസൂത്രണം മൂലം ആരോഗ്യ രംഗത്ത് ഒട്ടനവധി മാറ്റങ്ങൾ നമുക്ക് ഉണ്ടാക്കാൻ സാധിച്ചു. കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റിൽ നമുക്ക് ഒരു മാതൃക സൃഷ്ടിക്കാൻ സാധിച്ചു. സംസ്ഥാന തലത്തിലും ദേശീയതലത്തിലും പല പ്രോഗ്രാമുകളും വരുന്നതിന് മുമ്പേ തന്നെ പല പഞ്ചായത്തുകളും സ്വന്തമായി ജീവിതശൈലി രോഗങ്ങൾക്കെതിരെ പ്രവർത്തനം ആരംഭിച്ചു. ആർദ്രം മിഷന്റെ പ്രവർത്തനം താഴെ തട്ടിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

### ഡോ. സി.പി. വിനോദ്

**ചെയർമാൻ, ലോക്കൽ ഗവ.കമ്മീഷൻ**

2016ൽ പുന:സംഘടിപ്പിച്ച ചെയ്ത കമ്മീഷനിൽ ഗവൺമെന്റ് ഏൽപ്പിക്കുന്ന ജോലി ചെയ്യുക, നിയമപരമായും നയപരമായുള്ള കാര്യങ്ങളും നിർദ്ദേശങ്ങളും നൽകുക. അതിനുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് ചുമതലയുള്ളത്. 5 വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് ഉണ്ടാക്കുക എന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തുന്നത്.

### ഡോ. ഡി. സാംഗി

**ഡയറക്ടർ, ഓഡിറ്റ് വകുപ്പ്**

സംസ്ഥാനതലത്തിൽ ഓഡിറ്റ് ജീവനക്കാർക്ക് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്താനുള്ള പരിശീലനം നൽകിവരുന്നുണ്ട്. ഓഡിറ്റ് പരാമർശം തീർക്കുന്നതിൽ ആക്ഷേപമുണ്ട്.ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടി നിരീക്ഷിക്കേണ്ടത് പെർഫോമൻസ് ഓഡിറ്റാണ്. കുടിശ്ശിക തീർക്കാൻ അദാലത്തുകൾ നടത്തുന്നുണ്ട്.

### ഡോ.ജോയ് ഇളമൺ

**ഡയറക്ടർ, കില**

കിലയിലെ പരിശീലനങ്ങളുടെ വാർഷിക പരിശീലന കലണ്ടർ ലഭ്യമാക്കുന്നതായിരിക്കും. എല്ലാവരെയും പരിശീലനത്തിൽ പങ്കെടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും. പ്രാദേശിക പഠന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം ദുരന്ത നിവാരണം എന്നീ മേഖലകളിൽ പരിശീലനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

*(തയ്യാറാക്കിയത്: പ്രസാദ് കാവീട്ടിൽ)*



# കുടുംബശ്രീ ഉത്പന്നങ്ങൾ

## ഇനി ആമസോൺ വഴിയും




### ധാരണാപത്രം ഒപ്പുവച്ചു

തനിമയും വിശ്വാസ്യതയും കൈമുതലാക്കിയ കുടുംബശ്രീ ഉല്പന്നങ്ങൾക്ക് ഇനി പുതിയ വിപണി. തെരഞ്ഞെടുത്ത കുടുംബശ്രീ ഉല്പന്നങ്ങളെ ശ്രദ്ധേയമായ വിപണിയിൽ പരിചയപ്പെടുത്തുകയും ഉപഭോക്താക്കളുടെ സ്വീകാര്യത നേടുകയും ചെയ്യുന്നതിന് കുടുംബശ്രീ, ആഗോള ഓൺലൈൻ വ്യാപാര രംഗത്തെ പ്രമുഖരായ ആമസോണുമായി സഹകരിച്ച് പ്രവർത്തിക്കും. ഇതിന്റെ ഭാഗമായി തൈക്കാട് ഗവ: ഗസ്റ്റ് ഹൗസിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, ആമസോൺ ഡയറക്ടർ (സെല്ലർ ആന്റ് എക്സ്പീരിയൻസ്) പ്രണവ് ഭാസിൻ എന്നിവർ ധാരണാപത്രം ഒപ്പു വച്ചു.

വിപണന മേഖലയിൽ പുതിയ മാർഗങ്ങൾ കണ്ടെത്തി അവയെ കുടുംബശ്രീ വനിതകൾക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഇപ്പോൾ ആമസോണുമായി സഹകരിക്കുന്നത്. വനിതാ സംരംഭകരെ ശാക്തീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആമസോൺ അവതരിപ്പിക്കുന്ന ആമസോൺ സഹേലി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ സംയോജനം സാധ്യമാകുന്നത്. ആദ്യഘട്ടത്തിൽ കുടുംബശ്രീ വനിതകൾ ഉല്പാദിപ്പിക്കുന്ന നൂറ്റിപ്പത്തോളം വ്യത്യസ്ത ഉല്പന്നങ്ങളാണ് ഓൺലൈൻ വ്യാപാരത്തിനു തയ്യാറായിട്ടുള്ളത്. കുടുംബശ്രീ സംരംഭകർ ഉല്പാദിപ്പിക്കുന്ന ടോയ്‌ലെറ്റീസ്, സോപ്പ്, ആയുർവേദ ഉല്പന്നങ്ങൾ, കരകൗശല വസ്തുക്കൾ തുടങ്ങി തെരഞ്ഞെടുത്ത നൂറ്റിപത്തോളം വ്യത്യസ്ത ഉല്പന്നങ്ങളാണ് ആമസോൺ വെബ്സൈറ്റിലൂടെ വില്പനയ്ക്ക് എത്തിക്കുന്നത്. കുടുംബശ്രീ ഉല്പന്നങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റ് സന്ദർശിച്ച് തങ്ങൾക്കിഷ്ടമുള്ളവ തെരഞ്ഞെടുക്കാം. കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രവർത്തിക്കുന്ന ആമസോൺ സഹേലി സെന്ററിലാണ് ഉല്പന്നങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. ഓൺലൈൻ വഴി ലഭിക്കുന്ന ഓർഡർ വരുന്നതിനനുസരിച്ച് കുടുംബശ്രീ ഉല്പന്നങ്ങൾ പാക്ക് ചെയ്യുകയും ആമസോൺ വിതരണ സംവിധാനം ഉപയോഗിച്ച് ഈ ഉല്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഗ്രാമീണ വനിതാ സംരംഭകർക്ക് പുതിയ വിപണന മേഖലയെ പരിചയപ്പെടുത്തുന്നതിനോടൊപ്പം ഉല്പാദനത്തിനും വിപണനത്തിനും ഉയർച്ച കൈവരിക്കുകയെന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു. അടുത്ത ഘട്ടത്തിൽ കൂടുതൽ ഉല്പന്നങ്ങൾ ഓൺലൈൻ വ്യാപാരത്തിനു തയ്യാറാകും.

തിരുവനന്തപുരം തൈക്കാട് ഗവണ്മെന്റ് ഗസ്റ്റ് ഹൗസിൽ സംരംഭകർക്കായി നടത്തിയ പരിശീലന പരിപാടിയിൽ ഉല്പന്നങ്ങളുടെ പായ്ക്കിങ്ങ്, ലേബലിങ്ങ്, ഓൺലൈൻ മാർക്കറ്റിങ്ങ് നിയമങ്ങളും ജി.എസ്.ടിയും എന്നീ വിഷയങ്ങളിൽ യഥാക്രമം ആമസോൺ മാർക്കറ്റിങ്ങ് മാനേജർ ദീപക്, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ ആൻഡ് ഫിനാൻസിങ് അസിസ്റ്റന്റ് പ്രൊഫ. ഡോ. തോമസ് ജോസഫ് എന്നിവർ ക്ലാസുകൾ നയിച്ചു. ഓൺലൈൻ വിപണന രംഗത്ത് വിജയം കൈവരിച്ച സംരംഭക ക്രിസ്റ്റി ട്രീസാ ജോർജ് സംരംഭകരുമായി ആശയവിനിമയം നടത്തി. □

വിപണന മേഖലയിൽ പുതിയ മാർഗങ്ങൾ കണ്ടെത്തി അവയെ കുടുംബശ്രീ വനിതകൾക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഇപ്പോൾ ആമസോണുമായി സഹകരിക്കുന്നത്.

# മിഷൻ 30 ഡെയ്സ്

## കൂടുതൽ കരുത്തോടെ രണ്ടാംഘട്ടത്തിലേക്ക്

**എം. പി. അജിത് കുമാർ**

ഏതൊരു ഭരണസംവിധാനത്തിന്റെയും കാര്യക്ഷമതയുടെ അളവുകോൽ ആ സംവിധാനത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ, പ്രത്യേകിച്ച് സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തെ ആശ്രയിച്ചായിരിക്കുമിരിക്കുന്നത്. ദിവസങ്ങൾ കൊണ്ട്, ഏറിയാൽ ആഴ്ചകൾ കൊണ്ടു തീരുമാനം ആകേണ്ട ഫയലുകൾ, മാസങ്ങളും ചിലപ്പോൾ വർഷങ്ങളും കെട്ടിക്കിടക്കുന്നത് ഒരു ആധുനിക ഭരണസംവിധാനത്തെ സംബന്ധിച്ചിടത്തോളം അപമാനകരമാണ്. ഫയലുകൾ ചുവപ്പുനാടയിൽ കുരുങ്ങുന്നത് സേവനങ്ങൾ ലഭിക്കാനുള്ള പൗരന്റെ അവകാശത്തിന്റെ ലംഘനമാണ്. ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രി ജീവനക്കാരെ അഭിസംബോധന ചെയ്തു നടത്തിയ പ്രസംഗത്തിലെ ഭാഗങ്ങൾ നമുക്ക് ഓർമ്മിക്കാം.

“ഉദ്യോഗസ്ഥരായി നീണ്ടകാലം കഴിയുന്നവർക്ക് ജനങ്ങളുടെ പ്രശ്നങ്ങളുടെ തീവ്രത പൂർണമായി മനസ്സിലാക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. അത് അവരുടെ കുറ്റമല്ല. എന്നാൽ മുൻപിൽ വരുന്ന പല ഫയലിലും പാവപ്പെട്ടവരിൽ പാവപ്പെട്ടവരുടെ ജീവിതമാണുള്ളത് എന്നത് ഓർമ്മിക്കണം. ആ ഫയലുകളിൽ നിങ്ങൾ എഴുതുന്ന കുറിപ്പാവും ഒരു പക്ഷെ അവരിൽ അപൂർവം ചിലരെങ്കിലും തുടർന്ന് ജീവിക്കണോ മരിക്കണോ എന്നുപോലും നിശ്ചയിക്കുന്നത്. ഫയലിൽ പ്രതികൂല പരാമർശം വന്ന് എല്ലാം തകർന്ന നിലയിൽ പ്രതീക്ഷ നഷ്ടപ്പെട്ട് ആത്മഹത്യചെയ്ത ഹിമാചലിലെ ഒരു വൃദ്ധയുടെ കാര്യം പത്രത്തിൽ വന്നത് ഓർമ്മയിലുണ്ട്. എല്ലാ ഫയലിലും അനുകൂലമായി എഴുതാൻ കഴിയണമെന്നില്ല. എന്നാൽ ഫയലിൽ ഉള്ളത് ജീവിതമാണെന്നും കഴിയുന്നത്ര കരുതലോടെ അത് കൈകാര്യം ചെയ്യേണ്ടതുണ്ട് എന്നുമുള്ള ബോധം ആവണം നിങ്ങളെ നയിക്കുന്നത്”

ഈ പശ്ചാത്തലത്തിലാണ് പഞ്ചായത്ത് ഡയറക്ടറേറ്റിൽ ‘മിഷൻ 30 ഡെയ്സ്’ എന്ന പേരിൽ ഫയലുകൾ തീർപ്പാക്കുന്നതിന് ഒരു തീവ്രയജ്ഞം നടത്തുന്നതിന് തീരുമാനിച്ചത്. 2019 ജനുവരി എട്ടിന് ആരംഭിച്ച 30 ദിവസത്തെ ദൗത്യ പരിപാടിയിൽ 2018 ഡിസംബർ മാസം വരെ വിവിധ സെക്ഷനുകളിൽ ഉണ്ടായിരുന്ന 30992 ഫയലുകളിൽ 10867 എണ്ണത്തിൽ നടപടി പൂർത്തിയാക്കുന്നതിന് സാധിച്ചു. 35.06%. നടപടി പൂർത്തിയാക്കിയ ഫയലുകളിൽ ഭൂരിഭാഗവും സാധാരണക്കാരന്റെ ജീവിതവുമായി ബന്ധപ്പെട്ട ക്ഷേമപെൻഷൻ, കെട്ടിടനിർമ്മാണം, ജനന-മരണ- വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ചുള്ളവയാണ്. സാധാരണക്കാരിൽ സാധാരണക്കാരായവരുടെ അത്താണിയായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുമായി ബന്ധപ്പെട്ട പരാതികൾ പലതും പരിഹരിക്കുവാൻ സാധിച്ചു. ലൈസെൻസ്, കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട വലിയൊരളവു പരാതികൾക്ക് പരിഹാരമായി. വകുപ്പിലെ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധിച്ച നിരവധി ഫയലുകളിലും നടപടി പൂർത്തിയാക്കി. പ്രവൃത്തി സമയവും അവധി ദിവസവും നോക്കാതെയുള്ള ജീവനക്കാരുടെ അധ്വാനം, അടുക്കും ചിട്ടയുമാർന്ന സമീപനം, കൃത്യമായ ഇടവേളകളിൽ നടന്ന വിലയിരുത്തൽ, ജാഗ്രതയോടെയുള്ള മേൽനോട്ടം തുടങ്ങിയ ഘടകങ്ങളാണ് ഈ നേട്ടത്തിന് ആധാരം.

മിഷൻ ഒരു പൂർണവിജയം ആക്കുന്നതിന്

2019 ജനുവരി എട്ടിന് ആരംഭിച്ച 30 ദിവസത്തെ ദൗത്യ പരിപാടിയിൽ 2018 ഡിസംബർ മാസം വരെ വിവിധ സെക്ഷനുകളിലായി ഉണ്ടായിരുന്ന 30992 ഫയലുകളിൽ 10867 എണ്ണത്തിൽ നടപടി പൂർത്തിയാക്കുന്നതിന് സാധിച്ചു. 35.06%.

കൃത്യമായ ആസൂത്രണത്തോടെ ആവശ്യമായ ഒരുക്കങ്ങൾ നടത്തിയിരുന്നു. ഓരോ ഉദ്യോഗസ്ഥനും നിർവഹിക്കേണ്ട ചുമതലകൾ നിർവചിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം പത്തുദിവസം മുമ്പ് തന്നെ പുറപ്പെടുവിച്ചു. നടപടി പൂർത്തിയാക്കാൻ സാധിക്കുന്ന ഫയലുകൾ വർഷാടിസ്ഥാനത്തിൽ തരംതിരിച്ചു. വിവിധ ജില്ലാ ഓഫീസുകളിൽനിന്നും പഞ്ചായത്തുകളിൽ നിന്നും ലഭിക്കേണ്ട റിപ്പോർട്ടുകൾ നിശ്ചിതസമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകി. കോടതി കേസുമായി ബന്ധപ്പെട്ട് ഫയലുകളുടെ സ്ഥിതിവിവരം ബന്ധപ്പെട്ട വെബ്സൈറ്റുകൾ പരിശോധിച്ച് കണ്ടെത്തുന്നതിന് സംവിധാനമൊരുക്കി. മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ അധ്യക്ഷനായും പഞ്ചായത്ത് അഡിഷണൽ ഡയറക്ടർ കൺവീനറായും ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചു. ഓരോ ആഴ്ചയിലും സെക്ഷൻ അടിസ്ഥാനത്തിൽ നടത്തിയ വിശകലന യോഗത്തിൽ പുരോഗതി വിലയിരുത്തി.

ആറായിരത്തോളം ഫയലുകൾ തീർപ്പാക്കാൻ ഉണ്ടായിരുന്ന സി സെക്ഷൻ (നിയമങ്ങളും ചട്ടങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യംചെയ്യുന്നു) 2500 ലധികം ഫയലുകൾ തീർപ്പാക്കി മികച്ച പ്രകടനം നടത്തി. നാലായിരത്തിലധികം ഫയലുകൾ തീർപ്പാക്കാൻ ഉണ്ടായിരുന്ന വകുപ്പിലെ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കൈകാര്യം ചെയ്യുന്ന ഇ സെക്ഷൻ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ജെ സെക്ഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന dbt cell തുടങ്ങിയവയും നല്ല പ്രകടനം കാഴ്ചവെച്ചു. ഓരോ സെക്ഷനിലും മികച്ച പ്രകടനം കാഴ്ചവച്ച ജീവനക്കാർക്ക് പഞ്ചായത്ത് ഡയറക്ടർ പ്രശംസാപത്രവും പുരസ്കാരവും നൽകി. ഏറ്റവും കൂടുതൽ ഫയൽ തീർപ്പാക്കിയ സി സെക്ഷനെ പ്രത്യേകമായി അനുമോദിച്ചു.

മൂന്നിലൊന്നു ഫയലിൽ നടപടി പൂർത്തിയാക്കാൻ കഴിഞ്ഞതിന്റെ ആഹ്ലാദവും ആവേശവും മാർച്ച് 11 മുതൽ രണ്ടാംഘട്ടം ആരംഭിക്കുന്നതിന് ജീവനക്കാർക്ക് പ്രചോദനം ആയിരിക്കുകയാണ് അതോടൊപ്പംതന്നെ ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റൻഡ് ഡയറക്ടർ ഓഫീസുകളിലും സമാനമായ രീതിയിൽ പ്രവർത്തനം അന്നേദിവസം തന്നെ തുടങ്ങും. അടുത്ത ഘട്ടത്തിൽ അത് പഞ്ചായത്ത് ഓഫീസുകളിലേക്കും വ്യാപിപ്പിക്കും.

ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിലുള്ള അന്തരം കുറച്ച് ജനങ്ങൾ അഭിലഷിക്കുന്ന ഭരണസംസ്കാരം വളർത്തിയെടുക്കുന്നതിന് പ്രതിജ്ഞാബദ്ധമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സിവിൽസർവീസ് അഴിമതിരഹിതവും സുതാര്യവും കാര്യക്ഷമവും ആക്കുന്നതിൽ മുമ്പെങ്ങുമില്ലാത്തവിധം വിജയം ആർജ്ജിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുമായി ഏറ്റവുമധികം ഇടപെടുന്ന വകുപ്പ് എന്ന നിലയിൽ പഞ്ചായത്ത് വകുപ്പിന് ഈ മേഖലയിൽ ധാരാളം സംഭാവനകൾ നൽകാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. മിഷൻ 30 ഡേയ്സിന്റെ വിജയം സമ്മാനിച്ച ഊർജ്ജം ജനപക്ഷ സിവിൽ സർവ്വീസ് എന്ന ലക്ഷ്യത്തിലേക്ക് കൂടുതൽ മുന്നേറാനുള്ള കരുത്ത് പകരും. □



*പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ കലാകായിക മത്സരങ്ങളിൽ വിജയികളായവർക്കുള്ള പുരസ്കാരങ്ങൾ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത് കുമാർ വിതരണം ചെയ്യുന്നു.*

*(ലേഖകൻ പഞ്ചായത്ത് അഡീഷണൽ ഡയറക്ടറാണ്)*

**'മിഷൻ 30 ഡെയ്സ്'**

| സെക്ഷൻ | ഫയലുകളുടെ എണ്ണം (2018 ഡിസംബർവരെ) | തീർപ്പാക്കിയ ഫയലുകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| എ (അക്കൗണ്ട്സ്) | 1358 | 257 | 18.92 |
| ബി(ജനനം,മരണം,വിവാഹം) | 731 | 254 | 34.75 |
| സി (നിയമങ്ങളും ചട്ടങ്ങളും) | 5932 | 2528 | 42.62 |
| ഡി (അച്ചടക്കനടപടി) | 3020 | 525 | 17.38 |
| ഇ (എസ്റ്റാബ്ലിഷ്മെന്റ്) | 4127 | 2038 | 49.38 |
| എഫ്(ഫിനാൻസ്) | 551 | 297 | 53.90 |
| ജി (ജനറൽ, ഹൗസ്കീപ്പിംഗ്) | 2003 | 386 | 19.27 |
| എച്ച്(സർവ്വീസ് പെൻഷൻ) | 555 | 173 | 31.17 |
| ജെ(വികേന്ദ്രീകൃതാസൂത്രണം, ഇലക്ഷൻ) | 4806 | 2071 | 43.09 |
| എം (ആഡിറ്റ് മോണിറ്ററിംഗ്) | 2562 | 87 | 3.40 |
| പി(പബ്ലിസിറ്റി) | 12 | 7 | 58.33 |
| പിഎഫ്(പ്രോവിഡന്റ് ഫണ്ട്) | 841 | 663 | 78.83 |
| ഡി.ബി.റ്റി (സാമൂഹ്യ സുരക്ഷാ പെൻഷൻ | 4494 | 1581 | 35.18 |
| ആകെ | 30992 | 10867 | 35.06 % |



# അദ്ദേഹമെന്നാൽ തദ്ദേശഭരണം

എം. വിജയകുമാരൻ നായർ, പൂജപ്പുര

ജാഗ്രതയോടെ ഒരു കുട്ടിയുടെ പിറകേ നടക്കുന്ന രക്ഷിതാവിനെപ്പോലെ തദ്ദേശഭരണത്തെയും സ്ഥാപനങ്ങളെയും പരിരക്ഷിച്ച വി.ജെ. തങ്കപ്പന്റെ നാമം എക്കാലവും സ്മരിക്കപ്പെടും എന്നതിൽ സംശയമില്ല.

മുൻമന്ത്രി വി.ജെ. തങ്കപ്പന്റെ നിര്യാണത്തോടെ തദ്ദേശ ഭരണരംഗത്തെ ഒരതികായനെയാണ് നമുക്ക് നഷ്ടപ്പെട്ടത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി ജാഗ്രതയോടെ അനുസ്യൂതം പ്രവർത്തിച്ച മറ്റ് നേതാക്കൾ വി.ജെയെപ്പോലെ വിരളമാണ്. ഒരു മുനിസിപ്പൽ കൗൺസിലറായി പ്രവർത്തനമാരംഭിച്ച വി.ജെ. 2011-ൽ കൺസൾട്ടേറ്റീവ് കമ്മിറ്റി ചെയർമാനായി വിരമിക്കുന്നതുവരെ തദ്ദേശ പ്രവർത്തന രംഗത്ത് കർമ്മനിരതനായിരുന്നു. നഗരസഭാ ചെയർമാൻ, എം.എൽ.എ, തദ്ദേശഭരണ വകുപ്പ് മന്ത്രി, അധികാരവികേന്ദ്രീകരണ കമ്മിറ്റി വൈസ് ചെയർമാൻ, ഭരണ പരിഷ്കാര കമ്മിറ്റി വൈസ് ചെയർമാൻ, കൺസൾട്ടേറ്റീവ് കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ വി.ജെ. നൽകിയ സേവനങ്ങൾ നിസ്തുലമാണ്.

1987-ൽ വി.ജെ. തദ്ദേശഭരണ വകുപ്പു മന്ത്രിയായി അധികാരമേല്ക്കുമ്പോൾ പഞ്ചായത്തുകൾ നിലനില്പിനുവേണ്ടി കിതയ്ക്കുകയായിരുന്നു. ജീവനക്കാരുടെ സ്ഥിതിയും മറ്റൊന്നായിരുന്നില്ല. വി.ജെയുടെ നിതാന്ത പരിശ്രമത്തിന്റ ഫലമായി പഞ്ചായത്തുകൾക്ക് പുതുജീവൻ കൈവന്നു. ഗ്രാമങ്ങളുടെ അടിസ്ഥാനവികസനം ലക്ഷ്യമാക്കി ആരംഭിച്ച പതിനൊന്നിന പരിപാടിയിലൂടെ പഞ്ചായത്തുകൾക്ക് ജനകീയാംഗീകാരം ലഭിച്ചു. പഞ്ചായത്തുകൾക്ക് ആദ്യമായി അൺടൈഡ് ഫണ്ട് അനുവദിച്ചതും ഇതേ കാലയളവിലായിരുന്നു. പഞ്ചായത്തുവകുപ്പ് ജീവനക്കാരെയും പഞ്ചായത്ത് കോമൺ സർവ്വീസിലുള്ളവരെയും സംയോജിപ്പിക്കുക എന്ന ശ്രമകരമായ ദൗത്യം പൂർത്തീകരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

1957 മുതൽ അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കേൾക്കുന്ന ഒന്നാണ് ജില്ലാ ഗവൺമെന്റ് എന്ന ആശയം. ജില്ലാ കൗൺസിലുകളിലേക്ക് തെരഞ്ഞെടുപ്പു നടത്തി പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിഞ്ഞത് വലിയ നേട്ടമായി ഇപ്പോഴും കണക്കാക്കപ്പെടുന്നു. ജില്ലാ കളക്ടറന്മാരെ ജില്ലാ കൗൺസിലുകളുടെ സെക്രട്ടറിമാരാക്കി എന്നതാണ് ദേശീയ ശ്രദ്ധ നേടാനുള്ള ഒരു പ്രധാന കാരണം. ലോകനിലവാരത്തിലേക്ക് ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന കില എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം തുടങ്ങാനും വി.ജെയ്ക്ക് കഴിഞ്ഞു. ചുരുങ്ങിയ കാലത്തിനുള്ളിൽ തദ്ദേശ ഭരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തിരികൊളുത്താനായി എന്നതാണ് വി.ജെ. തങ്കപ്പന്റെ ഭരണ നേട്ടമായി പൊതുവേ ചൂണ്ടിക്കാണിക്കപ്പെടുന്നത്.

73,74 ഭരണഘടനാ ഭേദഗതികൾക്കനുസരണമായി 1994-ൽ കേരള പഞ്ചായത്ത് നിയമവും മുനിസിപ്പൽ നിയമവും നിയമസഭ അംഗീകരിച്ചു.

എന്നാൽ ഈ നിയമങ്ങളിൽ ധാരാളം പോരായ്മകൾ ഉണ്ടായിരുന്നു. 1996-ൽ അധികാരത്തിൽ വന്ന നായനാർ സർക്കാർ പോരായ്മകൾ പരിഹരിച്ച് അധികാര വികേന്ദ്രീകരണം പൂർണ അർത്ഥത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിന് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാൻ എസ്.ബി. സെൻ ചെയർമാനും വി.ജെ. തങ്കപ്പൻ വൈസ് ചെയർമാനുമായി അധികാര വികേന്ദ്രീകരണ കമ്മിറ്റിക്ക് രൂപം നല്കി. അകാലത്തിൽ സെൻ നിര്യാതനായപ്പോൾ കമ്മിറ്റിയുടെ പൂർണ ചുമതല വി.ജെ. തങ്കപ്പനായി. പലപ്പോഴായി പല റിപ്പോർട്ടുകളും നിർദ്ദേശങ്ങളും ഗവൺമെന്റിന് നൽകാൻ ഈ കമ്മിറ്റിക്ക് കഴിഞ്ഞു. ആകെ 282 നിയമഭേദഗതികളാണ് ഗവൺമെന്റിന് സമർപ്പിച്ചത്. ഇതിൽ നിന്നു തന്നെ കമ്മിറ്റി നിർവ്വഹിച്ച ഭാരിച്ച ഉത്തരവാദിത്തം ഊഹിക്കാവുന്നതാണ്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1999-ൽ പഞ്ചായത്ത് രാജ് ഭേദഗതി ആക്ടും മുനിസിപ്പൽ ഭേദഗതി ആക്ടും നിലവിൽ വന്നു. ഇതോടുകൂടിയാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ അധികാരങ്ങളുള്ള സ്വതന്ത്ര സ്ഥാപനങ്ങളായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറിയത്.

അധികാര വികേന്ദ്രീകരണം എന്ന മഹത്തായ ആശയത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കൂടി സാരമായ ഭേദഗതികൾ വരുത്തേണ്ടത് അനിവാര്യമായിരുന്നു. ഈ ഭാരിച്ച ചുമതല ഏറ്റെടുത്തുകൊണ്ട് 35 വ്യത്യസ്ത നിയമങ്ങളിൽ ഭേദഗതി വരുത്താനുള്ള നിർദ്ദേശവും അധികാരവികേന്ദ്രീകരണ കമ്മിറ്റി ഗവൺമെന്റിന് നല്കുകയുണ്ടായി. ഈ കരട് നിയമങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയും 2000 മാർച്ച് 31ന് "കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് ബില്ല്" നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തു. ഇതോടെ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചരടുകളൊന്നുമില്ലാതെ സ്വതന്ത്ര അധികാരം ലഭിക്കുകയുണ്ടായി. ഈ ഭേദഗതികളും ബില്ലുകളും ചട്ടങ്ങളും പിഴവുകളില്ലാതെ രൂപപ്പെടുത്തുകയെന്നത് ഒരു ഭഗീരഥ പ്രയത്നമായിരുന്നു. ഇതിനെല്ലാം നേതൃത്വം കൊടുക്കാൻ കഴിഞ്ഞതാണ് വി.ജെ. തങ്കപ്പന്റെ മഹത്തായ സംഭാവന.

മുഖ്യമന്ത്രി ഇ.കെ. നായനാർ ചെയർമാനും വി.ജെ. വൈസ് ചെയർമാനുമായ 3-ാം ഭരണപരിഷ്കാര കമ്മീഷൻ ധാരാളം നിർദ്ദേശങ്ങൾ ഗവൺമെന്റിനു നല്കുകയുണ്ടായി. അതിലേറ്റവും പ്രധാനമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) യാഥാർത്ഥ്യമാകാൻ പോകുകയാണ്.

# വി.ജെ തങ്കപ്പന്റെ നിര്യാണത്തിൽ മന്ത്രി എ.സി മൊയ്തീൻ അനുശോചിച്ചു

മുൻ മന്ത്രി വി.ജെ തങ്കപ്പന്റെ നിര്യാണത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ അനുശോചിച്ചു. 1987-91 കാലഘട്ടത്തിലെ നായനാർ മന്ത്രിസഭയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായി കഴിവ് തെളിയിച്ച അദ്ദേഹം നേമം മണ്ഡലത്തിൽ നിന്നും തുടർച്ചയായി 3 തവണ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് അദ്ദേഹത്തിന്റെ ജന പിന്തുണയ്ക്കുള്ള തെളിവാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീക്കരിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ശ്ലാഘനീയമാണെന്നും മന്ത്രി പറഞ്ഞു. കേരളത്തിൽ തദ്ദേശസ്വയംഭരണ രംഗത്ത് മാതൃകാപരമായ ഒട്ടേറെ നടപടികൾക്ക് തുടക്കം കുറിച്ചത് വി.ജെ തങ്കപ്പന്റെ കാലത്താണ്. അധികാര വികേന്ദ്രീകരണത്തിനായി രൂപീകരിച്ച സെൻ കമ്മിറ്റി അംഗം (പിന്നീട് ചെയർമാന്റെ ചുമതല), തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി രൂപീകരിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റി ചെയർമാൻ എന്ന നിലകളിലും, ഭരണ രംഗത്ത് സമഗ്രമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച ഭരണ പരിഷ്ക്കാര കമ്മീഷന്റെ ചുമതലും അദ്ദേഹം വഹിച്ചു. ജില്ലാ കൗൺസിലുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിയമ നിർമ്മാണങ്ങളിലും അദ്ദേഹത്തിന്റെ പങ്ക് എടുത്ത് പറയേണ്ടതാണ്. അദ്ദേഹത്തിന്റെ വിയോഗം പുരോഗമനപ്രസ്ഥാനങ്ങൾക്ക് തീരാ നഷ്ടമാണ്. വി.ജെയുടെ കുടുംബാംഗങ്ങളുടെയും സഹ പ്രവർത്തകരുടെയും ദുഃഖത്തിൽ പങ്ക് ചേരുന്നതായും അനുശോചന സന്ദേശത്തിൽ മന്ത്രി കൂട്ടി ചേർത്തു.

ഓഫീസുകളിൽ പഞ്ചിംഗ് എന്നതും വ്യാപകമായി നടപ്പാക്കി വരുന്നു. അതുപോലെ പ്രധാനപ്പെട്ട മറ്റൊരു നിർദ്ദേശമാണ് IT അധിഷ്ഠിത സിറ്റിസൺസ് ചാർട്ടർ. ഇതുപോലെ എണ്ണമറ്റ ധാരാളം നിർദ്ദേശങ്ങൾ കമ്മീഷൻ ഗവൺമെന്റിന് നല്കിയിട്ടുണ്ട്.

2006-2011ൽ കൺസൾട്ടേറ്റീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ വീണ്ടും ചില നിയമഭേദഗതികളും ചട്ടഭേദഗതികളും ഗവൺമെന്റിന് സമർപ്പിക്കാനും പുതിയ ചട്ടങ്ങൾ രൂപീകരിക്കാനും വി.ജെ. ക്ക് അവസരമുണ്ടായി. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനുള്ള ഒരു അതോറിറ്റിയായാണ് വി.ജെ.യെ കണ്ടത്. പ്രസംഗങ്ങൾ, ക്ലാസുകൾ, സെമിനാറുകൾ, എഴുത്തുകൾ ഇവയിലൂടെയെല്ലാം അദ്ദേഹം അധികാര വികേന്ദ്രീകരണത്തിന്റെ അനന്ത സാദ്ധ്യതകളെപ്പറ്റി സംസാരിച്ചുകൊണ്ടേയിരുന്നു. ജാഗ്രതയോടെ ഒരുകുട്ടിയുടെ പിറകേ നടക്കുന്ന രക്ഷിതാവിനെപ്പോലെ തദ്ദേശഭരണത്തെയും സ്ഥാപനങ്ങളെയും പരിരക്ഷിച്ച വി.ജെ. തങ്കപ്പന്റെ നാമം എക്കാലവും സ്മരിക്കപ്പെടും എന്നതിൽ സംശയമില്ല. □

# പ്രളയാനന്തരം
# കാർഷിക മേഖലയിലെ ഇടപെടൽ എങ്ങനെയാവാം

**എസ്. മോഹനൻ**

പ്രളയം ജനങ്ങളുടെ ജീവനോപാധിയായ കാർഷികമേഖലയിലാണ് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ വരുത്തി കടന്നുപോയത്. അവസരോചിതവും ഒത്തൊരുമയോടുള്ള ജനകീയ ഇടപെടലും മൂലം 483 മനുഷ്യജീവനെ പ്രളയത്തിനപഹരിക്കാനായുള്ളുവെങ്കിലും ഒരു ലക്ഷത്തിലധികം കന്നുകാലികളും അതിലേറെ മറ്റു വളർത്തു മൃഗങ്ങളും പ്രളയജലം ഒഴുക്കിക്കളഞ്ഞു. അറുപതിനായിരം ഹെക്ടർ സ്ഥലത്തെ വിളകൾ നഷ്ടപ്പെട്ടു. നെൽകൃഷി മാത്രം 25934 ഹെക്ടർ ഇല്ലാതായി. കാർഷികമേഖലയിലുണ്ടായ വിള നഷ്ടം 1345 കോടി രൂപയാണ്. 40000 വീടുകളും 134 പാലങ്ങളും 16000 കിലോമീറ്റർ പി ഡബ്ല്യൂ ഡി റോഡുകളും 82000 കിലോമീറ്റർ പഞ്ചായത്ത് റോഡുകളും പ്രളയജലം തകർത്തുകളഞ്ഞു. ലോകബാങ്ക് കണക്കുപ്രകാരം ആകെയുണ്ടായ നാശനഷ്ടത്തിന്റെ വ്യാപ്തി 31000 കോടി രൂപയാണ്.

പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഏറ്റവും കൂടുതലുള്ള കേരളത്തിൽ പരിസ്ഥിതി സൗഹൃദ പരമായ കാർഷിക പ്രവർത്തനങ്ങളും ആവാസ വ്യവസ്ഥയും കെട്ടി പടുക്കുന്നതിനുപകരം അശാസ്ത്രീയമായി കുന്നിൻ ചരുവുകളെ വെട്ടി നിരത്തി റബ്ബറും ഏലവും തേക്കുമൊക്കെ കൃഷി ചെയ്തതാണ് പ്രളയം മഹാദുരന്തമായി മാറാൻ കാരണം. അശാസ്ത്രീയമായ ഭൂവിനിയോഗം, വിള വിന്യാസം എന്നിവ ഭൂമിയുടെ സ്വാഭാവിക മണ്ണ് ജല സംരക്ഷണത്തെ ഇല്ലാതാക്കിയതും പ്രളയം രൂക്ഷമാകാൻ കാരണമായി. കാടുകൾ കൈയ്യേറി വിള മാറ്റി കൃഷി ചെയ്യൽ, മരം മുറിക്കൽ, തീയിടൽ, കന്നുകാലി മേയ്ക്കൽ എന്നിവ വ്യാപകമാക്കിയ ഇടങ്ങളിലാണ് പ്രളയജലം കുത്തൊലിച്ചൊഴുകി കൂടുതൽ നാശനഷ്ടത്തിനിടയാക്കിയത്.

ബ്രിട്ടീഷ് ഭരണകാലത്തെ പ്രകൃതിദത്ത ജല നിർഗ്ഗമന മാർഗ്ഗങ്ങളും ഭൂതലത്തിലെ ചരിവും ഒക്കെ നിലനിർത്തി ഉണ്ടാക്കിയ തോട്ടങ്ങൾ 1924 ലെയും 2018 ലെയും പ്രളയത്തെ അതിജീവിച്ച് ഇപ്പോഴും നില നിൽക്കുന്നതു കാണാം. അക്കാലത്ത് നിർമ്മിച്ച കാനനപാതകളും ഹെയർപിൻ കർവുകളും ചുരങ്ങളുമൊക്കെ കുന്നിൻ ചരുവിന്റെ വൈവിധ്യവും ചരിവും മണ്ണിന്റെ ഘടന, പാറ, ജല നിർഗ്ഗമനത്തിന്റെ ദിശകൾ എന്നിവയുമായി ഒത്തു പോരുന്ന വിധത്തിലാണ് നിർമ്മിച്ചത്. അതുകൊണ്ടാണ് അവ വലിയ നാശനഷ്ടങ്ങൾ ഉണ്ടാവാതെ നിലനിൽക്കുന്നത്.

പ്രകൃതി വിഭവങ്ങളെ ദീർഘകാലാടിസ്ഥാനത്തിൽ പരിരക്ഷിക്കുകയും ശാസ്ത്രീയമായി അവയെ വിനിയോഗിക്കുകയും ചെയ്യുന്ന ജനോപകാരപ്രദവും പ്രായോഗികവുമായ നടപടികളാവണം പ്രളയാനന്തരം കാർഷിക മേഖലയിൽ നടപ്പിലാക്കേണ്ടത്. പരിസ്ഥിതി പരിഗണനയിലൂന്നിയ സുസ്ഥിര വികസന പരിപാടികൾ തയ്യാറാക്കണം. ദരിദ്രരുടെ പശിയും അതിസമ്പന്നരുടെ ആർത്തിയും കണക്കിലെടുക്കാതെ ദീർഘകാലാടിസ്ഥാനത്തിൽ അധികാരവികേന്ദ്രീകൃതമായ ത്രിതല പഞ്ചായത്തുകളെ മുൻനിർത്തി ജനാധിപത്യസംവിധാനങ്ങളെ ശക്തിപ്പെടുത്തുന്ന തരത്തിലാകണം വികസനപരിപാടികൾ. ചുരുക്കത്തിൽ പ്രളയാനന്തര കാർഷിക വികസനം പരിസ്ഥിതി സൗഹൃദപരവും ജനകേന്ദ്രീകൃതവുമാകണം. ഇന്നു ലഭ്യമായിട്ടുള്ള ജിയോസ്പേഷ്യൽ ഡാറ്റാബേസ് ഓരോ പ്രദേശത്തും ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

നീർത്തടാധിഷ്ഠിത വികസനത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ കണക്കിലെടുത്തു വേണം അടിസ്ഥാന പരിപാടികൾ തയ്യാറാക്കേ

> പ്രകൃതി വിഭവങ്ങളെ ദീർഘകാലാടിസ്ഥാനത്തിൽ പരിരക്ഷിക്കുകയും ശാസ്ത്രീയമായി അവയെ വിനിയോഗിക്കുകയും ചെയ്യുന്ന ജനോപകാരപ്രദവും പ്രായോഗികവുമായ നടപടികളാവണം പ്രളയനാന്തരം കാർഷിക മേഖലയിൽ നടപ്പിലാക്കേണ്ടത്.



ണ്ടത്. പ്രളയ ബാധിത പ്രദേശങ്ങളിലെ മലനിരകൾ ഉൾപ്പെട്ട കുന്നിൻ പ്രദേശങ്ങൾ, സമതലങ്ങൾ എന്നിങ്ങനെ വേർതിരിക്കുമ്പോൾ കുന്നിൻ ചരിവുകളെ ചരിവ്, ഉയരം, വർഷപാതം, മഴ ദിവസങ്ങളുടെ എണ്ണം, മണ്ണിന്റെ ഘടന, പാറയുടെ വിസ്തൃതി, ഉരുൾപൊട്ടൽ സാധ്യത, നിലവിലുള്ള വൃക്ഷലതാദികൾ എന്നിവയെ അടിസ്ഥാനമാക്കി വേർതിരിച്ച് ഓരോ മേഖലയ്ക്കും വേണ്ട കാർഷിക മുറകൾ നടപ്പിലാക്കണം.

കാർഷിക മുറകൾ തെരഞ്ഞെടുക്കുമ്പോൾ പ്രകൃതിദത്തമായ സംരക്ഷണം സാധ്യമാകുന്ന കൃഷി രീതികൾ നടപ്പിലാക്കാം. ഉദാഹരണത്തിന് കുത്തൊലിപ്പുണ്ടായതും ഇനി ഉണ്ടാകാൻ സാധ്യതയുള്ളതുമായ കിഴക്കാംതൂക്കായ ചരിവുകളും ഉയരം കൂടിയതുമായ പ്രദേശങ്ങളിൽ മണ്ണൊലിപ്പിനു സാധ്യതയുള്ളതിനാൽ വേരുപടലം മണ്ണൊലിപ്പിനെ തടയുന്ന പ്രകൃത്യാ ഉള്ള വനവൃക്ഷങ്ങൾ, പുൽച്ചെടികൾ, പൂച്ചെടികൾ എന്നിവ നട്ടുപിടിപ്പിക്കണം. 30 ശതമാനത്തിൽ കൂടുതലുള്ള മലചരിവുകളിൽ വാർഷികവിളകൾ ഒഴിവാക്കണം. കോണ്ടൂറുകളെ അടിസ്ഥാനമാക്കി തട്ടുകൾ തിരിച്ച് മലഞ്ചരിവുകളിൽ വീഴുന്ന ജലം തട്ടുകളിൽ താഴുന്ന വിധത്തിൽ ത്രിതല വിളകളാവണം 30 ശതമാനത്തിൽ താഴെ വരുന്ന കുന്നിൻ ചരിവുകളിൽ ഇനി കൃഷി ചെയ്യേണ്ടത്. അമിതമായി തട്ടുകളിലെ വിളകളിൽ വീഴുന്ന ജലം വ്യത്യസ്തതലങ്ങളിൽ നിൽക്കുന്ന വിളകളിൽ വീണ് ശക്തി കുറഞ്ഞ് മണ്ണിൽ ഊർന്നിറങ്ങും. ചരിവിന്റെ ദിശ നോക്കി ജലമൊഴുകാനുള്ള ചെറുചാലുകളും തട്ടുകളിൽ ഉണ്ടാവണം. ഹ്യൂമസിന്റെ തോതും പറയുണ്ടെങ്കിൽ അവയുടെ വിസ്തൃതിയും ബലവുമൊക്കെ കണക്കിലെടുത്തു വിളകൾ വിന്യസിക്കുകയും ചാലുകൾ നിർമ്മിച്ചു അവയെ കൂട്ടി യോജിപ്പിച്ചു പൊതു നിർഗമന സ്ഥാനത്ത് ജലമെത്തിക്കുകയും വേണം.

അടിവാരത്തെ മണ്ണും മരങ്ങളും ചെടികളുമൊക്കെ കുത്തിയൊലിച്ചു പോയ മഴക്കാടുകളിൽ തട്ടുതിരിച്ച് ജലനിർഗമനം സാധ്യമാക്കി തേക്കുകൾ വച്ചുപിടിപ്പിക്കാം. ഇടവിളയായി അധികം വേരു പടലമുള്ള വള്ളിചെടികളുടെ കാട്ടിനങ്ങൾ നട്ടുവളർത്താം. കുരുമുളക്, ഏലം, മാവ്, പ്ലാവ്, വാഴ, പൂച്ചെടികൾ, പുൽച്ചെടികൾ എന്നിവയുടെ കാട്ടിനങ്ങൾ മഴക്കാടുകളിലെ തകർന്ന മലഞ്ചരുവുകളിൽ ജൈവവേലികളാൽ തട്ടുകളാക്കി നട്ടുപിടിപ്പിക്കാവുന്നതാണ്. അത്തരം മലഞ്ചരിവുകളിലെ അടിവാരങ്ങളിൽ കമുകും ധാന്യങ്ങളും താഴെ പച്ചക്കറികളും നെല്ലും നടാനാവും

പരിസ്ഥിതി ദുർബലപ്രദേശങ്ങൾ ഏറ്റവും കൂടുതൽ ഉള്ള കേരളത്തിൽ ഒരു ഗ്രാമപഞ്ചായത്തു പോലും തങ്ങളുടെ പ്രദേശം പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കണമെന്നിതുവരെ ആവശ്യപ്പെട്ടിട്ടില്ല എന്നതു കണക്കിലെടുത്തു വേണം പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കു രൂപം നൽകേണ്ടത്. വാർഡുതലത്തിൽ ജനകീയ സമിതികൾ ഉണ്ടാക്കി അവരുടെ സഹകരണത്തോടെ പരിസ്ഥിതി സൗഹൃദ നിർമ്മാണ സാമഗ്രികളും നിർമ്മാണ രീതിയും അവലംബിച്ചുള്ള നിർമ്മാണ പ്രവർത്തനമേ സംഘടിപ്പിക്കാവൂ. മേൽമണ്ണ് സംരക്ഷണം, വൃക്ഷ സംരക്ഷണം മണ്ണിൽ ഓടും കല്ലും പാകുന്നതും സിമന്റ് ഉറപ്പിക്കുന്നതും ഒഴിവാക്കിയുള്ള കാർഷിക മുറകൾ നടപ്പിലാക്കണം. ഉത്പാദനക്ഷമത കണക്കിലെടുത്തുള്ള വിളകളുടെ കൃഷി ഇവിടെ സാധ്യമല്ല.

പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഏറ്റവും കൂടുതൽ ഉള്ള കേരളത്തിൽ ഒരു ഗ്രാമപഞ്ചായത്തു പോലും തങ്ങളുടെ പ്രദേശം പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കണമെന്നിതുവരെ ആവശ്യപ്പെട്ടിട്ടില്ല എന്നതു കണക്കിലെടുത്തു വേണം പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കു രൂപം നൽകേണ്ടത്.

ജൈവമുറകൾ നിർമ്മിതി
കൾ സാമൂഹിക ഇടപെടൽ
എന്നിങ്ങനെ കർമ്മ
പരിപാടികളെ മൂന്നായി
തരം തിരിച്ച് ഓരോ മേഖല
യ്ക്കും അനുയോജ്യമായവ
നടപ്പിലാക്കാം. ജൈവമുറ
കൾ വേണ്ടിടത്തു അവ
ലിസ്റ്റ് ചെയ്യണം.

വ്യത്യസ്തപ്രദേശങ്ങളിലെ സമാന മേഖലകളെ തരംതിരിച്ച് ഓരോ മേഖലയ്ക്കും വേണ്ട കാർഷിക മുറകൾ തയ്യാറാക്കി അക്കമിട്ടു മുൻഗണന ചാർട്ട് തയ്യാറാക്കി നടപ്പിലാക്കണം. നടപ്പിലാക്കാൻ തയ്യാറാക്കുന്ന കാർഷിക മുറകളിൽ പരമ്പരാഗത സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നിടങ്ങളിൽ അവ ഏതൊക്കെയെന്ന തിട്ടപ്പെടുത്തണം. ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിലാക്കാൻ അനുയോജ്യമായ ഇടങ്ങളിൽ അവയുൾപ്പെട്ട പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കണം. ഇവ രണ്ടും സംയോജിപ്പിച്ചുകൊണ്ടുള്ള അനുയോജ്യ സാങ്കേതിക വിദ്യകൾ വേണ്ടിടത്ത് അത്തരത്തിലുള്ള കർമ്മ പരിപാടികൾ നടപ്പിലാക്കണം

ജൈവമുറകൾ, നിർമ്മിതികൾ, സാമൂഹിക ഇടപെടൽ എന്നിങ്ങനെ കർമ്മ പരിപാടികളെ മൂന്നായി തരം തിരിച് ഓരോ മേഖലയ്ക്കും അനുയോജ്യമായവ നടപ്പിലാക്കാം. ജൈവമുറകൾ വേണ്ടിടത്തു അവ ലിസ്റ്റ് ചെയ്യണം. അവയിൽ സമ്മിശ്ര ബഹുതല കൃഷി വേണ്ടിടത്തു അവയാവാം, നെല്ല്, വൃക്ഷവിളകൾ, പഴവർഗങ്ങൾ, പച്ചക്കറി, നൂതനകൃഷി, ഇടവിള വേണ്ടിടത്തു അവയാവാം. ഇവ കോണ്ടൂർ അടിസ്ഥാനത്തിൽ ഭൂമിയുടെ ചരിവ് കണക്കാക്കി പ്രാവർത്തികമാക്കുമ്പോൾ സസ്യ പ്രബലങ്ങളോട്ടു കൂടിയ മൺതിടിലുകൾ, ജൈവവേലികൾ, സ്ട്രിപ് കൃഷി, ആവരണ വിള, പുൽക്കൃഷി, വിളപരിക്രമം, പുതയിടൽ എന്നിവ വേണ്ടിടങ്ങളിൽ നടപ്പിലാക്കാം.



നീർകുഴികൾ, കോണ്ടൂർചാലുകൾ നിർമ്മിക്കൽ, തട്ടു തിരിക്കൽ, മണ്ണ്ബണ്ടു നിർമ്മാണം, തടമെടുക്കൽ, തലകുള നിർമ്മാണം, തടയണ നിർമ്മാണം, കല്ലുകയ്യാല നിർമ്മിക്കൽ, കലംകത്തി ഒഴുകുന്ന വെള്ളം തടയൽ എന്നിവ അതാതിടത്തു ലഭ്യമാകുന്ന കല്ല്, തടി എന്നിവ ഉപയോഗിച്ച് നിർമ്മിക്കാം. കല്ലടുക്കിയും സസ്യങ്ങൾ, പാഴ്തടികൾ എന്നിവ ഉപയോഗിച്ച് സസ്യ ചെക്ക് ഡാമുകൾ, പാർശ്വഭിത്തികൾ എന്നിവ നിർമ്മിക്കാം. ചകിരിവല ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണം സാധ്യമാകാവുന്നിടത്തു സാധ്യമാക്കാം. കെട്ടിടങ്ങളിൽ വീഴുന്ന മേൽവെള്ള സംഭരണം, പുലിമുട്ടുകൾ എന്നിവ വേണ്ടിടങ്ങളിൽ അവ നിർമ്മിക്കാം. തരിശുഭൂമികൾ കൃഷിയുക്തമാക്കുന്നതോടൊപ്പം മൃഗസംരക്ഷണ പ്രവർത്തനങ്ങളും മൽസ്യം വളർത്തലും സാമൂഹ്യവനവത്കരണവും ഒപ്പം കാർഷിക വനവത്കരണവും പ്രളയാനന്തര കാർഷിക മുറകളിൽ വരുത്തണം.

പ്രളയാനന്തര കാർഷിക പ്രവർത്തനങ്ങൾ വൈവിധ്യമാർന്നതാകയാൽ സംയോജനത്തിന് സാധ്യതകൾ വളരെ കൂടുതലാണ്. ഇത് കണക്കിലെടുത്ത് അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിഭവൻ, മൃഗാശുപത്രി, മൽസ്യ ഭവൻ, കുടുംബശ്രീ, ഹരിതശ്രീ, സന്നദ്ധസംഘടനകൾ എന്നിവയുടെ കൂട്ടായ്മയിലൂടെ വേണം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി നടപ്പിലാക്കാൻ. ഓരോ പ്രവർത്തനങ്ങൾക്കുമുള്ള വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു പകരം സംയോജിത പരിപാടികൾ തയ്യാറാക്കി കൂട്ടായി ചർച്ച ചെയ്ത് നിർവഹണ കലണ്ടർ പ്രകാരം സമയബന്ധിതമായി നടപ്പിലാക്കണം. പരിപാടികൾ ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിലെ കാർഷിക വിഹിതം ഉൾപ്പെടുത്തി തയ്യാറാക്കണം.

കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ നെല്ല് വേണോ മൽസ്യം വേണോ ടൂറിസം വേണോ അതോ ഇതെല്ലാം കൂട്ടി യോജിപ്പിച്ചുള്ള സ്ഥായിയായ വികസനം വേണോ എന്ന് വ്യക്തമായ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാം. ആലപ്പുഴ ജില്ലയിൽ ജല സൗഹാർദമായതും കൂടുതൽ ജലം ഉപയോഗിക്കുന്നതുമായ മരങ്ങൾ നാട്ടു പിടിപ്പിക്കണം. കശുമാവ് ജില്ലയിൽ വ്യാപകമായുണ്ടായിരുന്ന വിളയായിരുന്നു. അത് തിരികെ കൊണ്ടുവരണം. താറാവ് കൃഷി, മൽസ്യം വളർത്തൽ എന്നിവ കൂടുതൽ കാര്യക്ഷമമാക്കണം. □

*(ലേഖകൻ കൃഷി വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറും സംസ്ഥാന ആസൂത്രണ ബോർഡിൽ മുൻകൃഷി ഫാക്കൽറ്റി കൺവീനറുമാണ്.)*



# വെസ്റ്റ്നൈൽ രോഗബാധ

വൈറസ് മൂലമുണ്ടാകുന്ന പകർച്ചവ്യാധിയാണ് വെസ്റ്റ്നൈൽ. കൊതുകുകളാണ് രോഗം പരത്തുന്നത്. മനുഷ്യരിൽ നിന്ന് രോഗം പകരില്ല. വൈറസ് ബാധ ഏൽക്കുന്നവരിൽ 150ൽ ഒരാൾക്കുമാത്രമാണ് രോഗം മൂർച്ഛിക്കാറുള്ളത്. ഗുരുതരാവസ്ഥയിൽ എത്തുന്നവരിൽ 10 ശതമാനം പേർക്ക് മരണം വരെ സംഭവിക്കാം. മുതിർന്നവരെയാണ് രോഗം സാധാരണ ബാധിക്കാറുള്ളത്.

വെസ്റ്റ്നൈൽ വൈറസാണ് രോഗമുണ്ടാക്കുന്നത്. ക്യൂലക്സ് വിഭാഗത്തിൽപെട്ട കൊതുകുകളാണ് രോഗം പരത്തുന്നത്. പക്ഷികളിൽ നിന്നും പക്ഷികളിലേക്കും പക്ഷികളിൽ നിന്നും കൊതുകുകൾ വഴി മനുഷ്യരിലേക്കും രോഗം പകരും. കാക്കകൾ ഉൾപ്പെടെയുള്ള പക്ഷികളാണ് വൈറസ് വാഹകർ. 1937ൽ ഉഗാണ്ടയിലാണ് വൈറസിനെ ആദ്യം കണ്ടെത്തിയത്. കേരളത്തിൽ 2011ൽ ആലപ്പുഴയിലും 2018ൽ കോഴിക്കോട്ടും ഈ വൈറസ് രോഗത്തിന് സമാനമായ അവസ്ഥ റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും രോഗം സ്ഥിരീകരിച്ചിരുന്നില്ല.

തലവേദന, പനി, പേശിവേദന, ദേഹത്ത് തടിപ്പ്, തലചുറ്റൽ, ഓർമ്മ നഷ്ടപ്പെടൽ, അപസ്മാരം എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. രോഗബാധയുണ്ടായ ബഹുഭൂരിപക്ഷം പേരിലും പലപ്പോഴും രോഗലക്ഷണങ്ങൾ പ്രകടമായി അനുഭവപ്പെടാറില്ല. ചിലർക്ക് പനി, തലവേദന, ഛർദ്ദി, ചൊറിച്ചിൽ തുടങ്ങിയ രോഗലക്ഷണങ്ങൾ ഉണ്ടാവും. ഒരു ശതമാനം ആളുകളിൽ മസ്തിഷ്കവീക്കം, മെനിഞ്ചൈറ്റിസ് തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകാമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചു. കൊതുക് പ്രതിരോധമാണ് രോഗത്തെ പ്രതിരോധിക്കാനുള്ള മികച്ച മാർഗം. വെസ്റ്റ്നൈൽ പനിക്ക് പ്രത്യേക വാക്സിൻ ലഭ്യമല്ല. എന്നാൽ ഫലപ്രദമായ ചികിത്സയുണ്ട്. സ്വയം ചികിത്സ രോഗം സങ്കീർണമാക്കും. വൈറസ് മറ്റുള്ളവരിലേക്ക് പകരാനും കാരണമാകും. ആരംഭത്തിൽ കണ്ടുപിടിച്ച് ചികിത്സിച്ചാൽ അസുഖം ഭേദമാക്കാം. പനിയോ മറ്റ് ബുദ്ധിമുട്ടുകളോ ഉണ്ടെങ്കിൽ ഉടൻ വൈദ്യസഹായം തേടണം.

പക്ഷികളുടെ കൂട്ടത്തോടെയുള്ള മരണം ശ്രദ്ധയിൽപെടുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുകയും രോഗസ്ഥിരീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. രോഗവാഹകരായ ക്യൂലക്സ് വിഭാഗത്തിൽപെട്ട കൊതുകുകൾ മലിനജലത്തിലാണ് വളരുന്നത്. കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. ജലസ്രോതസ്സുകളിൽ കൊതുകുകളുടെ ലാവ നശീകരണത്തിനായി ഗപ്പി മത്സ്യങ്ങളെ വളർത്താം. നെറ്റുപയോഗിച്ച് കിണർ മൂടണം. കൊതുകുകടി ഏൽക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കണം. ആഴ്ചയിലൊരിക്കൽ വീടുകൾ, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഡ്രൈ ഡേ ആചരിക്കണം. (PRD) □

വൈറസ് ബാധ ഏൽക്കുന്നവരിൽ 150ൽ ഒരാൾക്കുമാത്രമാണ് രോഗം മൂർച്ഛിക്കാറുള്ളത്. ഗുരുതരാവസ്ഥയിൽ എത്തുന്നവരിൽ 10 ശതമാനം പേർക്ക് മരണം വരെ സംഭവിക്കാം.

# പ്രാദേശികസർക്കാരുകളും സഹകരണപ്രസ്ഥാനവും

വി. ജി. ശശിധരൻ

നാടിന്റെ വികസനവും പുരോഗതിയും പ്രാദേശികസർക്കാരിലൂടെ നിർവഹിക്കുന്നതിനു രൂപം കൊടുത്ത കേരള പഞ്ചായത്ത്‌രാജ് നിയമത്തിലും കേരളമുനിസിപ്പൽ നിയമത്തിലും സഹകരണപ്രസ്ഥാനങ്ങൾക്ക് ഒരു പങ്കു മാറ്റി വച്ചിട്ടുണ്ട്. ഇന്ത്യയിലെ, പ്രത്യേകിച്ച് കേരളത്തിലെ സാധാരണ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയ്ക്കു സഹകരണപ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. അതുകൊണ്ടു തന്നെ പഞ്ചായത്ത് നഗരപാലികാ നിയമങ്ങൾ രൂപപ്പെടുത്തിയപ്പോൾ അവയുടെ ചുമതലകളിൽ സഹകരണപ്രസ്ഥാനങ്ങൾക്കും ഇടം നൽകിയത്. രണ്ടു നിയമങ്ങളുടെയും ചുമതലാപട്ടികയിൽ മേഖലാചുമതലകളിൽ 19-ാമതു ഇനമായി സഹകരണസംഘങ്ങൾ രൂപീകരിക്കലും അതിനു സഹായിക്കലും പ്രാദേശികസർക്കാരിന്റെ ചുമതലയിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ 9 മുതൽ 12 വരെയുള്ള പഞ്ചവത്സരപദ്ധതി കാലയളവിൽ ഇക്കാര്യത്തിൽ കാര്യമായ കാൽവെയ്പുകളൊന്നും നടത്തിയിരുന്നില്ല. സ്വയംസഹായസംഘങ്ങളുടെ പ്രോത്സാഹനത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു.

പതിമൂന്നാംപദ്ധതി മുതൽ സഹകരണമേഖലകളെ വളരെ ഗൗരവത്തോടെ കാണുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നിയമത്തിൽ ഉൾപ്പെടുത്തിയ ചുമതലകൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ ഉൾച്ചേർത്തിട്ടുണ്ട്. ആ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പ്രാദേശികഭരണകൂടങ്ങൾ നിർവഹിക്കാൻ തയ്യാറായാൽ സഹകരണമേഖലയെ ഒന്നുകൂടി പുഷ്ടിപ്പെടുത്താൻ കഴിയും. പ്രാദേശിക ഭരണ പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണസംഘങ്ങൾക്കു പ്രോത്സാഹനം നൽകുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയണം. അവർക്കാവശ്യമായഅടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്ന കാര്യത്തിൽ, ആധുനികവൽക്കരണം നടത്തുന്നതിലൊക്കെ സഹായിക്കാവുന്നതാണ്. പ്രാദേശിക സാമ്പത്തികവികസനത്തിനു പൂരകമായ ഒരു വായ്പാനയം തദ്ദേശസ്ഥാപനതലത്തിൽ ആവിഷ്കരിക്കാവുന്നതാണ്. പരമ്പരാഗത വ്യവസായ സഹകരണസംഘങ്ങളുടെ വൈവിധ്യവൽക്കരണവും ശാക്തീകരണവും നടത്താം. സഹകരണസംഘങ്ങൾ ഇല്ലാത്ത മേഖലകളിൽ ആരംഭിക്കാൻ സൗകര്യം ചെയ്യണം. സഹകരണമേഖലകളുടെ വിഭവശേഷിയും അധികവിഭവങ്ങളും വിനിയോഗിച്ച് പ്രാദേശിക സാമ്പത്തികവികസനം ത്വരിതപ്പെടുത്താൻ കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തിക്കാവുന്നതുമാണ്.

പരിസ്ഥിതി സംരക്ഷണത്തിനും സുരക്ഷയ്ക്കുമായി മരങ്ങൾ വച്ചുപിടിപ്പിക്കാൻ സഹകരണ വായ്പയും പലിശസബ്സിഡിയും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നൽകാൻ കഴിയണം. കാർഷിക മുന്നേറ്റത്തിനായി കാർഷികസംഘങ്ങൾ രൂപീകരിക്കാനും കാർഷിക യന്ത്രങ്ങൾ നൽകി ആധുനികകൃഷിരീതി അവലംബിക്കാനും കഴിയും. വിപണന സൗകര്യം, കാർഷികവ്യാവസായികകേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കാനും അവയ്ക്കു സഹായം നൽകാനും കഴിയണം. ക്ഷീര വ്യവസായമേഖലകളിൽ പാൽ, ഗോമൂത്രം എന്നിവ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാൻ തദ്ദേശഭരണസ്ഥാപനങ്ങളും സഹകരണമേഖലയും കൈകോർത്താൽ കഴിയും.

പതിമൂന്നാംപദ്ധതി മുതൽ സഹകരണമേഖലകളെ വളരെ ഗൗരവത്തോടെ കാണുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നിയമത്തിൽ ഉൾപ്പെടുത്തിയ ചുമതലകൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽഉൾച്ചേർത്തിട്ടുണ്ട്.

അതുപോലെ മത്സ്യമേഖലയിലും ഇടപെടൽ നടത്താൻ ജില്ലാപഞ്ചായത്തിനു കഴിയണം.

സഹകരണസംഘങ്ങളെ തദ്ദേശസ്ഥാപനങ്ങൾ സഹായിക്കുമ്പോൾ അതിന്റെ പലമടങ്ങ് പ്രയോജനം പ്രദേശത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനത്തിനു തിരികെ നൽകാൻ കഴിയും. അത്തരത്തിലുള്ള നിയമവിധേയമായ ഒരു ജനാധിപത്യസ്ഥാപനമാണ് സഹകരണസംഘങ്ങൾ. സഹകരണസംഘം രജിസ്ട്രാറുടെയോ വ്യവസായ- വാണിജ്യഡയറക്ടറുടേയോ കൈത്തറിഡയറക്ടറുടെയോ ഫിഷറീസ് ഡയറക്ടറുടെയോ ക്ഷീരവികസന ഡയറക്ടറുടെയോ അല്ലെങ്കിൽ ഖാദിവ്യവസായബോർഡ്സെക്രട്ടറിയുടെയോ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന സഹകരണസംഘങ്ങൾക്കാണ് പ്രാദേശിക ഭരണകൂടങ്ങൾ സഹായം നൽകേണ്ടത്. ഓരോതദ്ദേശസ്ഥാപനത്തിന്റെയും പരിധിയിൽ മാത്രം പ്രവർത്തിക്കുന്നവർക്കാണ് സഹായം നൽകാനുള്ള അർഹത. ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്കും അവരവരുടെ അധികാരപരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കു സഹായം നൽകാം.

ഇനി പറയുന്ന ഇനങ്ങളിലുള്ള സഹായമാണ് നൽകേണ്ടത്. സംഘടനയുടെ ആധുനികവൽക്കരണം, യന്ത്രസാമഗ്രികൾ, തൊഴിൽ ഉപകരണങ്ങൾ എന്നിവ നൽകൽ, വിപണനസൗകര്യം ഏർപ്പെടുത്തൽ, സംരംഭകഗ്രൂപ്പുകൾ രൂപീകരിച്ച് വിപണനശൃംഖല രൂപീകരിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വർദ്ധനവ്, സേവന ഗുണമേന്മ വർദ്ധനവ്, അടിസ്ഥാന സൗകര്യവികസനം (കെട്ടിടം, വർക്ക്ഷോപ്പുകൾ, തൊഴിലിടങ്ങൾ, ടോയ്ലറ്റുകൾ, അനുബന്ധ സൗകര്യങ്ങൾ) എന്നിവയിൽ ഏതാണോ ആവശ്യം അതനുസരിച്ചുള്ള വികസന ഘടകങ്ങൾ തീരുമാനിച്ച് നൽകാൻ കഴിയണം.

ഏതൊക്കെ സംരംഭങ്ങൾക്കു സഹായം നൽകാം എന്നു നോക്കാം.

മൂന്നുവർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങൾക്കു അപേക്ഷ സമർപ്പിക്കാം. ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘമായിരിക്കണം. അവസാനവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് നൽകണം. നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ പ്ലാനും എസ്റ്റിമേറ്റും നൽകണം. സംഘത്തിനു പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം. പ്രോജക്ടിന്റെ അടങ്കലിൽ സംഘത്തിനു ചെലവാക്കാവുന്ന വിഹിതം കാണിച്ചു കൊണ്ടുള്ള സംഘം ഭരണസമിതിയുടെ സാക്ഷ്യപത്രം. ധനകാര്യസ്ഥാപനങ്ങളിൽ നിന്നു നിർദ്ദിഷ്ട പ്രോജക്ടിനുവേണ്ടി വായ്പ എടുക്കാനുള്ള സന്നദ്ധത അറിയിക്കണം. പ്രോജക്ട് നടപ്പിലാക്കിയാലുണ്ടാകാവുന്ന ഉൽപ്പാദനവർദ്ധനവ്/നേട്ടം എന്നിവ തയ്യാറാക്കി മാർക്കിറ്റ് മുൻഗണനാലിസ്റ്റ് ലിസ്റ്റ് തയ്യാറാക്കണം. വിപണന സൗകര്യം വർദ്ധിപ്പിക്കുന്നതിനു മുൻഗണന നൽകണം. തദ്ദേശസ്ഥാപനവുമായി കരാർ വയ്ക്കണം.

ഇപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ച് തെരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങൾക്കു സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി നൽകാവുന്നതാണ് ഏറ്റവും സുതാര്യമായ നടപടിക്രമത്തിലൂടെയാണ് സഹകരണസംഘങ്ങളെ തെരഞ്ഞെടുക്കേണ്ടത്. ഇക്കാര്യങ്ങളെല്ലാം നിർവഹിക്കുന്നതിനു പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ 6.10 ഖണ്ഡികയിൽ വിശദമായി നൽകിയിട്ടുണ്ട്. ഇപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സഹകരണസ്ഥാപനങ്ങളും തോളോടുതോൾ ചേർന്നു പ്രവർത്തിച്ചാൽ രണ്ടു ജനകീയസ്ഥാപനങ്ങളുടെയും ഉൾക്കാഴ്ച ജനങ്ങളുടെയും നാടിന്റെയും വികസനത്തിനു മുതൽക്കൂട്ടാക്കാൻ കഴിയും.

*(ലേഖകൻ മുൻപഞ്ചായത്ത് സെക്രട്ടറിയാണ്)*

FORM IV

Statement about ownership and other particulars about newspaper (PANCHAYATRAJ ) to be published in the first issue every year after the last day of February.

| | | |
|---|---|---|
| 1. Place of Publication | : | Directorate of Panchayats<br>Trivandrum - 695033 |
| 2. Periodicity of its Publication | : | Monthly |
| 3. Printer's Name | : | Dr. B.S. Thirumeni IAS |
| Nationality | : | Indian |
| Address | : | Directorate of Panchayats<br>Trivandrum - 695033, Kerala |
| 4. Publishers Name | : | Dr. B.S. Thirumeni IAS |
| Nationality | : | Indian |
| Address | : | Directorate of Panchayats,<br>Trivandrum - 695033, Kerala |
| 5. Editors Name | : | Dr. B.S. Thirumeni IAS |
| Nationality | : | Indian |
| Address | : | Directorate of Panchayats,<br>Trivandrum - 695033, Kerala |
| 6. Names and address of individuals who own the newspaper and parnters or shareholders holding | : | NA |

I, Dr. B.S. Thirumeni IAS, hereby declare that the particulars given above are true to the best of my knowledge and belief.

Date: 01.03.2019 Sd/-

# കില ന്യൂസ്




*അട്ടപ്പാടി ആദിവാസി വിദ്യാർത്ഥികളുടെ പഠനനിലവാരവും സമഗ്രവികസനവും ഉയർത്താനുള്ള 'മുന്നോട്ട്' എന്ന പരിപാടി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.*

## ആദിവാസി വിദ്യാർത്ഥികളുടെ സമഗ്രവികസനം: മുന്നോട്ട് പരിപാടിക്കു തുടക്കമായി

അട്ടപ്പാടി ആദിവാസി വിദ്യാർത്ഥികളുടെ പഠനനിലവാരവും സമഗ്രവികസനവും ഉയർത്താനുള്ള കിലയുടെ മുന്നോട്ട് എന്ന പരിപാടി തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. അഗളിയിലെ കില പട്ടികവർഗ്ഗ വികസന പ്രകൃതി വിഭവപരിപാലന കേന്ദ്രത്തിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ എം.ബി. രാജേഷ് എം.പി. അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികിഷോർ, ഒറ്റപ്പാലം സബ് കലക്ടർ ജെറോമിക് ജോർജ്, അഗളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈശ്വരി രേശൻ, അഗളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീലക്ഷ്മി ശ്രീകുമാർ എന്നിവർ സംസാരിച്ചു.

കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ മേഖലകളിൽ അവർക്കു അവസരം ഒരുക്കുക, അവരുടെ കഴിവുകൾ വളർത്തുക, പൊതുവിജ്ഞാനം ഉയർത്തുക, തൊഴിൽ മേഖലകളിൽ തിളങ്ങുന്നതിനു അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് മുന്നോട്ട് എന്ന വിദ്യാഭ്യാസപരിപാടി ആവിഷ്ക്കരിച്ചിട്ടുള്ളത്. 2018-19 സാമ്പത്തികവർഷത്തിൽ 120 വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുക്കും. ഇതിനായി പ്രത്യേക പാഠ്യപദ്ധതിയും പരിശീലനം സിദ്ധിച്ച ടീമിനെയും ഒരുക്കിയിട്ടുണ്ട്. അഗളിയിലെ കില പട്ടികവർഗ്ഗ വികസന പ്രകൃതി വിഭവപരിപാലന കേന്ദ്രത്തിനാണ് പരിപാടിയുടെ ഏകോപന ചുമതല. വിവിധ സർക്കാർ വകുപ്പുകളുടെ സഹായസഹകരണവും ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സാങ്കേതികസഹായം, റിസോഴ്സ് ടീമിന്റെ പരിശീലനം, അവരുടെ ഏകോപനം എന്നിവ കാർസൽ എന്ന സന്നദ്ധസംഘടനയുടെ സഹകരണത്തോടെയാണ് നടപ്പാക്കുക.

കില, പാലക്കാട് ജില്ലാഭരണകൂടം, ഐ.ടി.ഡി.പി, മറ്റ് വിദ്യാഭ്യാസ-സാമൂഹ്യസന്നദ്ധ സംഘടനകൾ എന്നിവയുടെ സംയുക്ത സംരംഭമായി ആരംഭിച്ച ഷൈൻ പരിപാടി അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. മത്സരപരീക്ഷകളിൽ ലക്ഷ്യം കാണാത്തവരെ സഹായിക്കുക എന്നതും പദ്ധതിയുടെ ഭാഗമാണ്. പ്രോജക്ട് ഷൈന്റെ കഴിഞ്ഞ രണ്ടു ബാച്ചുകളിൽ പരിശീലനം പൂർത്തിയായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിക്കുന്ന മുന്നോട്ട് പരിപാടി പന്ത്രണ്ടാം ക്ലാസ്സ് പൂർത്തിയാകുന്നതുവരെ തുടരും.

നീലഗിരി ജൈവസംരക്ഷണമേഖലയുടെ ഭാഗമായ 746 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള അട്ടപ്പാടി ബ്ലോക്കിൽപെട്ട മൂന്നു പഞ്ചായത്തുകളിലെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസപുരോഗതിക്കാണ് ഈ സമഗ്രപദ്ധതി രൂപീകരിച്ചിട്ടുള്ളത്. അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകളിലെ 192 ഊരുകളിലെ ഇരുള, മുഡുഗ, കുറുമ്പ വിഭാഗത്തിൽ പെട്ടവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.

## ആസ്ട്രേലിയൻ വിദ്യാർത്ഥികൾ കിലയിൽ

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെക്കുറിച്ചും സാമൂഹിക വികസനത്തെക്കുറിച്ചും പഠിക്കുന്നതിന് ആസ്ട്രേലിയയിലെ ചാർലസ് സ്റ്റർട്ട് സർവകലാശാലയിലെ പത്തു വിദ്യാർത്ഥികൾ കിലയിലെത്തി. കില അസോസിയേറ്റ് പ്രൊഫസർമാരായ ഡോ.ജെ.ബി.രാജൻ, ഡോ.പീറ്റർ എം. രാജ് എന്നിവർ ക്ലാസ്സെടുത്തു.

## കില ദിനം-2019

കില ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. കൊട്ടാരക്കരയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്,



*കില ദിനാഘോഷപരിപാടികൾക്കു തുടക്കം കുറിച്ച് ഡയറക്ടർ ഡോ. ജോയ് ഇളമൺ തിരി തെളിയിക്കുന്നു*

അട്ടപ്പാടിയിലെ മുൻ അഹാഡ്സ്, മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ ഇ.ടി.സി കേന്ദ്രങ്ങൾ എന്നിവ കിലയോടു ചേർത്തതിനുശേഷം നടത്തുന്ന ആദ്യത്തെ ദിനാഘോഷമാണ്. രാവിലെ കായിക മത്സരങ്ങളോടെ ആഘോഷപരിപാടികൾക്കു തുടക്കം കുറിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. സാജൻ പീറ്റർ മത്സരങ്ങൾക്കു നേതൃത്വം നൽകി. വൈകീട്ട് നിലവിളക്കു കൊളുത്തി കലാപരിപാടികൾക്കു തിരി തെളിച്ചു. കില ഡയറക്ടർ അദ്ധ്യക്ഷനായിരുന്നു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി, വൈസ് പ്രസിഡന്റ് സുഭാഷ്, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജു വർഗ്ഗീസ് എന്നിവർ ആശംസകളർപ്പിച്ചു. കിലയുടെ അഞ്ചു കേന്ദ്രങ്ങളിലെ മേഖലാ മേധാവികളും ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചു. സമാപനച്ചടങ്ങിൽ കില ഡയറക്ടർ മത്സരവിജയികൾക്കു ട്രോഫികൾ സമ്മാനിച്ചു.

## പുതിയ നഗരസഭകളുടെ സമഗ്രവികസനം: ഏകദിന ശില്പശാല

സംസ്ഥാനത്ത് 2015 ൽ രൂപീകരിച്ച 29 നഗരസഭകളുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനു കിലയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു.

നഗരസഭകളിലെ മാനവ വിഭവശേഷി സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യകളുടെ ഉപയോഗം,



*പുതിയ നഗരസഭകളുടെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ശില്പശാലയിൽ കില പ്രൊഫ. ഡോ.സണ്ണി ജോർജ് സംസാരിക്കുന്നു.*

ഘടകസ്ഥാപനങ്ങളുടെ മാനേജ്മെന്റ്, ധനപരിപാലനം, ആസൂത്രണ-ജനകീയസമിതികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള ഹ്രസ്വകാല-ദീർഘകാല പരിപാടികളും ചർച്ച ചെയ്തു തീരുമാനിക്കുകയാണ് ശില്പശാലയുടെ ലക്ഷ്യം. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ നഗരസഭകളുടെ വിവിധ പ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് കിലയുടെ നേതൃത്വത്തിൽ തയ്യാറാക്കി സർക്കാരിനു സമർപ്പിക്കും. 28 നഗരസഭകളിൽനിന്നുള്ള അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ പങ്കെടുത്തു.

## മഹാരാഷ്ട്രയിലെ ജനപ്രതിനിധികൾ കിലയിൽ

മഹാരാഷ്ട്രയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന 26 അംഗ സംഘം കില സന്ദർശിച്ചു. കേരളത്തിലെ പ്രാദേശികഭരണസംവിധാനം,



വികേന്ദ്രീകൃതാസൂത്രണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ നേരിൽ കണ്ട് മനസ്സിലാക്കുകയാണ് സന്ദർശകരുടെ ലക്ഷ്യം. കേരളത്തിലെ ജനാധിപത്യവികേന്ദ്രീകരണം, പഞ്ചായത്തുകളുടെ വിഭവശേഷി, പഞ്ചായത്തുകൾക്കു കൈമാറിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, വികേന്ദ്രീകൃതാസൂത്രണം, ബാലസൗഹൃദ പ്രാദേശികഭരണം തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു പരിശീലനം.

പൂന മേഖലയിലെ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളും മഹാരാഷ്ട്ര സർക്കാരിന്റെ പൂനയിലെ പരിശീലനകേന്ദ്രമായ യഷധയിലെ ഉദ്യോഗസ്ഥരുമാണ് സംഘത്തിലുണ്ടായിരുന്നത്.

## കിലയിൽ സോഷ്യൽ ഓഡിറ്റ്

1990-ൽ ആരംഭിച്ച കില 28 വർഷം പൂർത്തിയാക്കി. കേരളത്തിലെയും ഇന്ത്യയിലെയും തദ്ദേശഭരണസംവിധാനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ കിലയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇനിയുള്ള വളർച്ചയ്ക്കു മുന്നോടിയായി ഇതുവരെ നടന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള സാമൂഹ്യ ഓഡിറ്റിന് കില വിധേയമാവുകയാണ്. മുൻ കേന്ദ്ര സെക്രട്ടറി ഡോ. മീനാക്ഷിസുന്ദരം ഡോ. ശ്രീപർണ ഗാംഗുലി, (ദസ്ര മഹാരാഷ്ട്ര) ടി. ഗംഗാധരൻ (കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്) എന്നിവരടങ്ങുന്ന ടീമാണ് സാമൂഹ്യ ഓഡിറ്റിനു നേതൃത്വം നൽകുന്നത്. ഓഡിറ്റിന്റെ ഭാഗമായ അന്വേഷണത്തിനു ചോദ്യാവലി തയ്യാറായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, മുൻ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരുടെയെല്ലാം അഭിപ്രായങ്ങൾ സ്വരൂപിക്കാനാണ് ഈ ചോദ്യാവലി.

# വാർത്തകൾ വിശേഷങ്ങൾ

## 2019 ഏപ്രിൽ വരെയുള്ള പെൻഷന് സർട്ടിഫിക്കറ്റ് വേണ്ട

ബാങ്ക് വഴി പെൻഷൻ വാങ്ങുന്നവർക്ക് നിർദേശിച്ചിരുന്ന മസ്റ്ററിങ്ങും അവിവാഹിത/വിധവാ പെൻഷൻ ഗുണഭോക്താവ്, വിവാഹം/പുനർ വിവാഹം ചെയ്തിട്ടില്ലാ എന്ന് തെളിയിക്കുന്ന ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റും എല്ലാവർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്ന നിബന്ധന 2018 ഡിസംബർ, 2019 ജനവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനു ബാധകമല്ല എന്ന് ഉത്തരവായി.

(സ.ഉ(ആർ.ടി) 1172/2019/ധന, തീയതി 15/02/2019 )

## പൊതുവിഭാഗത്തിൽ പെടുന്ന വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം

രണ്ടുലക്ഷം രൂപ വരെ വരുമാനം ഉള്ള പൊതു വിഭാഗത്തിൽ പ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് മുപ്പതിനായിരം രൂപ നിരക്കിൽ വിവാഹധനസഹായം അടുത്തവർഷം മുതൽ (2019-20) നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി.

(സ.ഉ (സാധാ) നം.374/2019/തസ്വഭവ, തീയതി 21/02/2019 )

## ഡാറ്റാ പ്യൂരിഫിക്കേഷൻ: കെട്ടിടനികുതി കുടിശ്ശിക ഒഴിവാക്കി

ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഡിമാൻഡ് നോട്ടീസ് പ്രകാരം 2017-18 സാമ്പത്തികവർഷം വരെയുള്ള കെട്ടിടനികുതി പൂർണമായും ഒടുക്കിയ നികുതിദായകർക്ക് സഞ്ജയാ സോഫ്റ്റ്‌വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഉണ്ടായിട്ടുള്ള കുടിശ്ശിക തുക ഒറ്റത്തവണത്തേക്ക് ഒഴിവാക്കി ഉത്തരവായി. അത്തരം നികുതിദായകർ 2018-19 മുതൽ സഞ്ജയാ സോഫ്റ്റ്‌വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി നിർണയിച്ച നികുതി കൊടുക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം വരെയുള്ള നികുതി പൂർണമായും ഒടുക്കാത്ത നികുതിദായകർക്ക് അവർ ഏത് വർഷം വരെയുള്ള നികുതിയാണ് ഒടുക്കിയിട്ടുള്ളത് അതുവരെയുള്ള സഞ്ജയാ ഡേറ്റാ ശുദ്ധീകരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക ഒറ്റത്തവണത്തേക്ക് ഒഴിവാക്കി നൽകും. ഈ കാലയളവിനു ശേഷം അവർ സഞ്ജയാ ഡേറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ജനറേറ്റ് ചെയ്തിട്ടുള്ള നികുതി ഒടുക്കേണ്ടതാണ്. കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പൂർണമായും അടച്ച നികുതിദായകർക്ക് അവർ അധികമായി അടച്ച കുടിശിക തുക 2018 -19 വർഷം മുതലുള്ള വസ്തുനികുതിയിൽ ക്രമീകരിച്ച് നൽകും.

(സ.ഉ (ആർടി) നം. 474/2019/തസ്വഭവ, തീയതി 1/03/2019 )

## രണ്ടാമത്തെ മാവേലിസ്റ്റോറുകൾക്ക് അഞ്ചുവർഷം വരെ വാടക നൽകാം

തദ്ദേശഭരണ സ്ഥാപനത്തിൽ രണ്ടാമതായി ആരംഭിക്കാനു ദ്ദേശിക്കുന്ന മാവേലിസ്റ്റോറുകൾക്ക് 700 ചതുരശ്ര അടി വരെ വിസ്തീർണമുള്ള അനുയോജ്യമായ കെട്ടിടം 5 വർഷം വരെ വാടകരഹിതമായി നൽകാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി. രണ്ടിലധികം മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് വാടക രഹിതമായി കെട്ടിടം നൽകേണ്ടതില്ല. കമ്പ്യൂട്ടർ ഫർണിഷിങ്ങിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കുമായി ഒരു ലക്ഷം രൂപ നല്കാം. മാവേലി സ്റ്റോറുകൾ കുടുംബശ്രീ ഉത്പന്നങ്ങൾ കൂടി വയ്ക്കുന്നത് പരിഗണിക്കേണ്ടതാണ് എന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സ.ഉ (സാധാ) നം.386/2019/തസ്വഭവ, തീയതി 22/02/2019 )

## പെൻഷനുള്ള അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി

സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു. മാനദണ്ഡങ്ങളിൽ വീടിന്റെ തറ വിസ്തൃതി ഒഴിവാക്കി. പ്രതിമാസം 2000 രൂപ വരെ ഇപിഎഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യസുരക്ഷാ/ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കും. എന്നാൽ പ്രതിമാസം രണ്ടായിരം രൂപയ്ക്ക് മുകളിൽ ഇപിഎഫ് പെൻഷൻ ലഭിക്കുന്നവർക്ക് പ്രതിമാസം 600 രൂപ നിരക്കിൽ മാത്രമേ സാമൂഹ്യസുരക്ഷാ /ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(സ.ഉ(എംഎസ്) 93/2019/ധന തീയതി 21/02/2019)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**




# പാപ്പിനിശ്ശേരി

# മികച്ച ഗ്രാമപഞ്ചായത്ത്

## തിരുവനന്തപുരം മികച്ച ജില്ലാ പഞ്ചായത്ത്
## നെടുമങ്ങാട് മികച്ച ബ്ലോക്ക് പഞ്ചായത്ത്

**2017-18 വർഷത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു**

2017-18 വർഷം മികച്ച പ്രവർത്തനം കാഴ്ച വെച്ച് സ്വരാജ് ട്രോഫിക്കും പ്രത്യേക ധനസഹായത്തിനും അർഹത നേടിയ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തി മഹാത്മാ പുരസ്കാരത്തിന് അർഹത നേടിയ ഗ്രാമപഞ്ചായത്തുകളെയും തെരഞ്ഞെടുത്തു.

### സ്വരാജ് ട്രോഫി

സംസ്ഥാനതലം (ഗ്രാമപഞ്ചായത്ത്)
ഒന്നാം സ്ഥാനം - പാപ്പിനിശ്ശേരി (കണ്ണൂർ ജില്ല)
രണ്ടാം സ്ഥാനം - മുളന്തുരുത്തി (എറണാകുളം ജില്ല)
മൂന്നാം സ്ഥാനം - ചേമഞ്ചേരി (കോഴിക്കോട് ജില്ല)

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ചെമഞ്ചേരി ഗ്രാമപഞ്ചായത്തിന് 15 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു. ഫെബ്രുവരി 19 ന് തൃശ്ശൂരിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ സമാപന സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എ.സി.മൊയ്തീൻ അവാർഡുകൾ വിതരണം ചെയ്തു. സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന അവാർഡ് തുകകളിൽ ഏറ്റവും ഉയർന്ന തുകയാണ് സ്വരാജ് ട്രോഫിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്.

മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ പത്തനംതിട്ട ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിനും അവാർഡ് നൽകിയില്ല. ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്കുള്ള അവാർഡ് നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം രൂപ വീതം പ്രത്യേക ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും നൽകി.

> സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന അവാർഡ് തുകകളിൽ ഏറ്റവും ഉയർന്ന തുകയാണ് സ്വരാജ് ട്രോഫിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്.



*തിരുവനന്തപുരം - മികച്ച ജില്ലാ പഞ്ചായത്ത്*

## ജില്ലാതലം ഗ്രാമപഞ്ചായത്തുകൾ

| ജില്ല | സ്ഥാനം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1<br>2 | ചെമ്മരുതി<br>ആര്യങ്കോട് |
| കൊല്ലം | 1<br>2 | ശാസ്താംകോട്ട<br>പൂതക്കുളം |
| ആലപ്പുഴ | 1<br>2 | വീയപുരം<br>കുമാരപുരം |
| കോട്ടയം | 1<br>2 | അയ്മനം<br>വെളിയന്നൂർ |
| ഇടുക്കി | 1<br>2 | നെടുങ്കണ്ടം<br>മണക്കാട് |
| എറണാകുളം | 1<br>2 | മണീട്<br>പാമ്പാക്കുട |
| തൃശ്ശൂർ | 1<br>2 | പുന്നയൂർകുളം<br>1. വള്ളത്തോൾ നഗർ<br>2. അളഗപ്പ നഗർ |
| പാലക്കാട് | 1<br>2 | തിരുമിറ്റക്കോട്<br>ശ്രീകൃഷ്ണപുരം |
| മലപ്പുറം | 1<br>2 | പുലാമന്തോൾ<br>മാറഞ്ചേരി |
| കോഴിക്കോട് | 1<br>2 | പനങ്ങാട്ട്<br>1. കാരശ്ശേരി<br>2. പെരുമണ്ണ |
| വയനാട് | 1<br>2 | എടവക<br>മീനങ്ങാടി |
| കണ്ണൂർ | 1<br>2 | ചെമ്പിലോട്<br>1. കരിവെള്ളൂർ പെരളം<br>2. മയ്യിൽ |
| കാസർഗോഡ് | 1 | ചെറുവത്തൂർ |

## മികച്ച ജില്ലാ പഞ്ചായത്ത്

ഒന്നാം സ്ഥാനം - തിരുവനന്തപുരം
രണ്ടാം സ്ഥാനം - കൊല്ലം
മൂന്നാം സ്ഥാനം - എറണാകുളം

ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു.

## മികച്ച ബ്ലോക്ക് പഞ്ചായത്ത് (സംസ്ഥാനതലം)

ഒന്നാം സ്ഥാനം - നെടുമങ്ങാട് (തിരുവനന്തപുരം ജില്ല)
രണ്ടാം സ്ഥാനം - പഴയന്നൂർ (തൃശ്ശൂർ ജില്ല)
മൂന്നാം സ്ഥാനം - ളാലം (കോട്ടയം ജില്ല)

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് യഥാക്രമം 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു.

## മഹാത്മാ പുരസ്കാരം

2017-18 സാമ്പത്തിക വർഷം മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തി മഹാത്മാ പുരസ്കാരം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ.

സംസ്ഥാനതലം
ഒന്നാം സ്ഥാനം - കൊടുമൺ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)
രണ്ടാം സ്ഥാനം - തുറയൂർ ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
മൂന്നാം സ്ഥാനം - ബുധനൂർ ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല)

മഹാത്മാ പുരസ്കാരം നേടിയ സ്ഥാപനങ്ങളെ സാക്ഷ്യപത്രവും മെമെന്റോയും നൽകി ആദരിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും സംസ്ഥാന ആസൂത്രണ ബോർഡ് അംഗം (വികേന്ദ്രീകൃത ആസൂത്രണം), നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കില ഡയറക്ടർ , സംസ്ഥാന ആസൂത്രണ ബോർഡ് ഡി.പി ഡിവിഷൻ ചീഫ്, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ എന്നിവർ അംഗങ്ങളും പഞ്ചായത്ത് ഡയറക്ടർ കൺവീനറുമായ സമിതിയാണ് അവാർഡിനർഹരായ തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്.



നെടുമങ്ങാട് - മികച്ച ബ്ലോക്ക് പഞ്ചായത്ത്

## ജില്ലാതലം – മഹാത്മാപുരസ്കാരം

| ജില്ല | സ്ഥാനം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1<br>2 | കള്ളിക്കാട്<br>പള്ളിക്കൽ |
| കൊല്ലം | 1<br>2 | നെടുവത്തൂർ<br>കുമ്മിൾ |
| പത്തനംതിട്ട | 1<br>2 | കൊടുമൺ<br>ഏറാത്ത് |
| ആലപ്പുഴ | 1<br>2 | ബുധനൂർ<br>വീയപുരം |
| കോട്ടയം | 1<br>2 | അയ്മനം<br>ഉദയനാപുരം |
| ഇടുക്കി | 1<br>2 | വട്ടവട<br>കഞ്ഞിക്കുഴി |
| എറണാകുളം | 1<br>2 | എടവനക്കാട്<br>മുളന്തുരുത്തി |
| തൃശ്ശൂർ | 1<br>2 | ഏങ്ങണ്ടിയൂർ<br>നാട്ടിക |
| പാലക്കാട് | 1<br>2 | വിളയൂർ<br>നാഗലശ്ശേരി |
| മലപ്പുറം | 1<br>2 | ആതവനാട്<br>കൂട്ടിലങ്ങാടി |
| കോഴിക്കോട് | 1<br>2 | തുറയൂർ<br>ചാത്തമംഗലം |
| വയനാട് | 1<br>2 | പൊഴുതന<br>മീനങ്ങാടി |
| കണ്ണൂർ | 1<br>2 | ആറളം<br>1. പന്ന്യന്നൂർ<br>2. കോളയാട് |
| കാസർഗോഡ് | 1<br>2 | പനത്തടി<br>മംഗൽപാടി |



സംസ്ഥാനതല മികച്ച ഗ്രാമ പഞ്ചായത്ത് രണ്ടാം സ്ഥാനം - മുളന്തുരുത്തി



സംസ്ഥാനതല മികച്ച ബ്ലോക്ക് പഞ്ചായത്ത് രണ്ടാം സ്ഥാനം - പഴയന്നൂർ



സംസ്ഥാനതല മികച്ച ജില്ലാ പഞ്ചായത്ത് രണ്ടാം സ്ഥാനം - എറണാകുളം



സംസ്ഥാനതല മികച്ച ജില്ലാ പഞ്ചായത്ത് മൂന്നാം സ്ഥാനം - എറണാകുളം



സംസ്ഥാനതല മികച്ച ബ്ലോക്ക് പഞ്ചായത്ത് മൂന്നാം സ്ഥാനം - ളാലം



സംസ്ഥാനതല മികച്ച ഗ്രാമപഞ്ചായത്ത് മൂന്നാം സ്ഥാനം - ചേമഞ്ചേരി



ജില്ലാതലം- ഒന്നാം സ്ഥാനം - ചെമ്മരുതി ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)



ജില്ലാതലം - ഒന്നാം സ്ഥാനം - ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് (കൊല്ലം)



ജില്ലാതലം - ഒന്നാം സ്ഥാനം - വീയപുരം ഗ്രാമപഞ്ചായത്ത് (ആലപ്പുഴ)



ജില്ലാതലം - ഒന്നാം സ്ഥാനം - അയ്മനം ഗ്രാമപഞ്ചായത്ത് (കോട്ടയം)



ജില്ലാതലം - ഒന്നാം സ്ഥാനം - നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് (ഇടുക്കി)



ജില്ലാതലം - ഒന്നാം സ്ഥാനം - മണീട് ഗ്രാമപഞ്ചായത്ത് (എറണാകുളം)



ജില്ലാതലം - ഒന്നാം സ്ഥാനം - പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ)



ജില്ലാതലം - ഒന്നാം സ്ഥാനം - തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് (പാലക്കാട്)



ജില്ലാതലം - ഒന്നാം സ്ഥാനം - പുലാമന്തോൾ ഗ്രാമപഞ്ചായത്ത് (മലപ്പുറം)



ജില്ലാതലം - ഒന്നാം സ്ഥാനം - പനങ്ങാട്ട് ഗ്രാമപഞ്ചായത്ത് (കോഴിക്കോട്)



ജില്ലാതലം - ഒന്നാം സ്ഥാനം - എടവക ഗ്രാമപഞ്ചായത്ത് (വയനാട്)



ജില്ലാതലം - ഒന്നാം സ്ഥാനം - ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ)



ജില്ലാതലം - ഒന്നാം സ്ഥാനം - ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)



# സൂര്യാഘാതവും ആരോഗ്യ പ്രശ്നങ്ങളും

അന്തരീക്ഷതാപം ഒരു പരിധിക്കപ്പുറം ഉയർന്നാൽ മനുഷ്യ ശരീരത്തിലെ താപ നിയന്ത്രണ സംവിധാനങ്ങൾ തകരാറിലാകും. ഇതുമൂലം ശരീരത്തിലുണ്ടാകുന്ന താപം പുറത്തേക്ക് കളയുന്നതിന് തടസ്സം നേരിടുകയും ഇത് ശരീരത്തിന്റെ പല നിർണായക പ്രവർത്തനങ്ങളെ തകരാറിലാക്കുകയും ചെയ്യും. ഇത്തരം ഒരവസ്ഥയാണ് സൂര്യാഘാതം. വളരെ ഉയർന്ന ശരീരതാപം, വറ്റിവരണ്ട ചുവന്ന ചൂടായ ശരീരം, ശക്തമായ തലവേദന, തലകറക്കം, മന്ദഗതിയിലുള്ള നാഡിമിടിപ്പ്, മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ തുടങ്ങിയവയും ഇതേതുടർന്നുള്ള അബോധാവസ്ഥയും ഉണ്ടായേക്കാം. ഇങ്ങനെയുണ്ടായാൽ ഉടൻ തന്നെ ഡോക്ടറുടെ സേവനം തേടണം.

സൂര്യാഘാതത്തേക്കാൾ കുറച്ചു കൂടി കാഠിന്യം കുറഞ്ഞ അവസ്ഥയാണ് സൂര്യതാപമേറ്റുള്ള താപ ശരീര ശോഷണം. ക്ഷീണം, തലകറക്കം, തലവേദന, പേശിവലിവ്, ഓക്കാനവും ഛർദിയും, അസാധാരണമായ വിയർപ്പ്, കഠിനമായ ദാഹം, മൂത്രത്തിന്റെ അളവ് തീരെ കുറയുകയും കട്ടും മഞ്ഞ നിറമാകുകയും ചെയ്യുക, ബോധക്ഷയം എന്നിവയാണ് സൂര്യതാപത്തിന്റെ ലക്ഷണങ്ങൾ. ശരിയായ രീതിയിൽ ചികിത്സിച്ചില്ലെങ്കിൽ താപ ശരീര ശോഷണം സൂര്യാഘാതത്തിന്റെ അവസ്ഥയിലേക്ക് മാറിയേക്കാം.

### സൂര്യാഘാതം/താപശരീരശോഷണം ഉണ്ടാകുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ

സൂര്യാഘാതം ഏറ്റതായി സംശയം തോന്നിയാൽ വെയിലുള്ള സ്ഥലത്ത് നിന്ന് തണുത്ത സ്ഥലത്തേക്ക് മാറി വിശ്രമിക്കണം. ധരിച്ചിരിക്കുന്ന കട്ടികൂടിയ വസ്ത്രങ്ങൾ നീക്കം ചെയ്യുക. തണുത്ത വെള്ളം കൊണ്ട് ശരീരം തുടയ്ക്കുക. ഫാൻ, എ.സി. എന്നിവയുടെ സഹായ

**മുതിർന്ന പൗരന്മാർ, കുഞ്ഞുങ്ങൾ, ഗുരുതര മായ രോഗം ഉള്ളവർ, വെയിലത്ത് ജോലി ചെയ്യുന്നവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം.**

ത്താൽ ശരീരം തണുപ്പിക്കുക. ധാരാളം പാനീയങ്ങൾ കുടിക്കണം. ഫലങ്ങളും സാലഡുകളും കഴിക്കുക. ആരോഗ്യ സ്ഥിതി മെച്ചപ്പെടുന്നില്ലെങ്കിലോ, ബോധക്ഷയം ഉണ്ടാകുകയോ ചെയ്താൽ അടുത്തുള്ള ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകണം.

മുതിർന്ന പൗരന്മാർ (65 വയസിനു മുകളിൽ), കുഞ്ഞുങ്ങൾ (4 വയസ്സിനു താഴെയുള്ളവർ), ഗുരുതരമായ രോഗം ഉള്ളവർ, വെയിലത്ത് ജോലി ചെയ്യുന്നവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം.

## പ്രതിരോധ മാർഗങ്ങൾ

വേനൽക്കാലത്ത് പ്രത്യേകിച്ച് ചൂടിന് കാഠിന്യം കൂടുമ്പോൾ ദാഹം തോന്നിയില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിക്കണം. വെയിലത്ത് ജോലി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ ഉച്ചയ്ക്ക് 12 മണി മുതൽ 3 മണിവരെയുള്ള സമയം വിശ്രമവേളയായി പരിഗണിച്ച് ജോലി സമയം ക്രമീകരിക്കണം. കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കാതിരിക്കുക. കാറ്റ് കടന്ന് ചൂട് പുറത്ത് പോകത്തക്ക രീതിയിൽ വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടണം. കട്ടി കുറഞ്ഞതും വെളുത്തതോ, ഇളം നിറത്തിലുള്ളതോ ആയ അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുക. വെയിലത്ത് പാർക്ക് ചെയ്യുന്ന കാറിലും മറ്റും കുട്ടികളെ ഇരുത്തിയിട്ട് പോകരുത്.

## സൂര്യതാപം കൊണ്ടുള്ള മറ്റ് പ്രശ്നങ്ങൾ

കൂടുതൽ സമയം വെയിലത്ത് ജോലി ചെയ്യുന്നവരിൽ നേരിട്ട് വെയിൽ ഏൽക്കുന്ന ശരീരഭാഗങ്ങൾ സൂര്യതാപമേറ്റ് ചുവന്ന് തടിക്കുകയും വേദനയും പൊള്ളലും ഉണ്ടാകുകയും ചെയ്യാം. ഇവർ ഡോക്ടറെ കണ്ട് ഉടനടി ചികിത്സ തേടണം. പൊള്ളിയ ഭാഗത്ത് കുമിളകൾ ഉണ്ടെങ്കിൽ പൊട്ടിക്കരുത്. അന്തരീക്ഷത്തിലെ ചൂട് കൂടുമ്പോൾ ശരീരം കൂടുതലായി വിയർക്കുകയും ജലവും ലവണങ്ങളും നഷ്ടപ്പെട്ട് പേശി വലിവ് അനുഭവപ്പെടുകയും ചെയ്യും.

ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, കരിക്കിൻവെള്ളം എന്നിവ ധാരാളമായി കുടിച്ച് വിശ്രമിക്കുകയും ആരോഗ്യ സ്ഥിതി മെച്ചപ്പെട്ടില്ലെങ്കിൽ അടുത്തുള്ള ആശുപത്രിയിൽ ചികിത്സ തേടേണ്ടതുമാണ്. ചൂടുകാലത്ത് കൂടുതലായി ഉണ്ടാകുന്ന വിയർപ്പിനെ തുടർന്ന് ശരീരം ചൊറിഞ്ഞ് തിണർക്കുന്നതിനെയാണ് ഹീറ്റ് റാഷ് എന്ന് പറയുന്നത്. കുട്ടികളെയാണ് ഇത് കൂടുതൽ ബാധിക്കുന്നത്. ഇങ്ങനെയുള്ളവർ അധികം വെയിൽ ഏൽക്കാതിരിക്കുകയും തിണർപ്പ് ബാധിച്ച ശരീരഭാഗങ്ങൾ ഈർപ്പരഹിതമായി സൂക്ഷിക്കുകയും വേണം. (PRD) □

# കുടിവെള്ള ക്ഷാമത്തിന് പരിഹാരമൊരുക്കാൻ പഞ്ചായത്തുകളും നഗരസഭകളും

സംസ്ഥാനത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരമൊരുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത്-നഗരസഭ-കോർപ്പറേഷൻ പരിധികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യാനുസരണം കുടിവെള്ളം വിതരണം നടത്തും. മെയ്മാസം അവസാനം വരെ ഓരോ ഗ്രാമപഞ്ചായത്തുകൾക്കും 16.5 ലക്ഷം രൂപയും മുൻസിപ്പാലിറ്റി പരിധിയിൽ 27.5 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ 38.5 ലക്ഷം രൂപയും കുടിവെള്ള വിതരണത്തിന് ഉപയോഗിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയുടെ പൂർണ്ണമായ മൂല്യം ഉറപ്പുവരുത്തണം. നിലവിൽ ദുരന്ത നിവാരണ വകുപ്പ് മുഖേന സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ വഴിയും കുടിവെള്ള വിതരണം നടത്താം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് കുടിവെള്ളം രൂക്ഷമായ പ്രദേശങ്ങളിൽ ജിപിഎസ് ഘടിപ്പിച്ച ടാങ്കറുകളുകളിലാണ് കുടിവെള്ളം വിതരണം ചെയ്യുക. വെള്ളത്തിന്റെ ഗുണനിലവാരവും ഉറപ്പ് വരുത്തും. അതാത് ജില്ലകളിലെ റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനവും ജിപിഎസ് ട്രാക്കിങ്ങിനുള്ള സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാ മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്. സുതാര്യവും കാര്യക്ഷമവുമായും കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാ മേധാവികൾ ഓരോ രണ്ടാഴ്ചയിലും കലക്ടർക്ക് റിപ്പോർട്ടും നൽകണം. കുടിവെള്ള വിതരണം സംബന്ധിച്ച് ദുരന്തനിവാരണ വകുപ്പിന്റെ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികൾ കർശനമായി പാലിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സ.ഉ. (ആർ.ടി. 500/2019/തസ്വഭവ, തീയതി 02/03/2019)



## ...എന്ന് വായനക്കാർ

### പറയാതെ വയ്യ

പഞ്ചായത്ത് രാജ് മാസികയുടെ ഫെബ്രുവരി ലക്കം ഉള്ളടക്കത്തിലുള്ള വ്യത്യസ്തതയാൽ പ്രശംസനീയമാണെന്ന് പറയാതെ വയ്യ. ഒരു സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മൂന്ന് മാസങ്ങൾക്ക് മുമ്പ് തന്നെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി രൂപീകരണം പൂർത്തിയാക്കുക എന്ന സ്വപ്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞത് സംബന്ധിച്ചും നൂറ് ശതമാനം പദ്ധതി ചെലവാണ് അടുത്ത വർഷത്തെ ലക്ഷ്യമെന്നും വിശദമാക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ലേഖനം പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു ഊർജ്ജം പകരുന്നതാണ്. സർക്കാരിന്റെ പിന്നിട്ട ആയിരം ദിനങ്ങളുമായി ബന്ധപ്പെടുത്തി വകുപ്പ് തല പ്രവർത്തനങ്ങൾ സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ സഹിതമുള്ള പഞ്ചായത്ത് ഡയറക്ടറുടെ ലേഖനം വിവര ലഭ്യതക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരും വർഷങ്ങളിൽ പ്രവർത്തനമികവ് കൈവരിക്കാൻ ഉതകുന്ന തരത്തിലുമുള്ളതാണ് വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധങ്ങളായ നൂതന പദ്ധതികൾ സംബന്ധിച്ച ലേഖനം മറ്റ് സ്ഥാപനങ്ങൾക്ക് നൂതന പദ്ധതികൾ ഏറ്റെടുക്കുവാൻ പ്രേരണ നൽകുന്നതാണ് ഇത്തരം മാതൃകാ പദ്ധതികൾ വരും ലക്കങ്ങളിലും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണം ഇത്തരം മാതൃകാ പദ്ധതികൾ മറ്റ് സ്ഥാപനങ്ങൾക്കും ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ് കാർബൺ ബഹിർഗമനം കുറയ്ക്കാനും അവശേഷിക്കുന്ന കാർബൺ വാതകങ്ങൾ വലിച്ചെടുക്കുന്ന തലത്തിൽ മരങ്ങൾ നട്ടു പിടിപ്പിക്കുവാനുമുള്ള മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ രീതി സമ്പ്രദായം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കാനുള്ള തീരുമാനം പഞ്ചായത്തിന് അഭിമാന നേട്ടം തന്നെയാണ്. ഇതര മാസികകളിൽ നിന്നും വ്യത്യസ്തമായി സർക്കാരിന്റെ ജനകീയ പ്രവർത്തനങ്ങൾ താഴെ തട്ടിൽ എത്തിക്കുന്ന തരത്തിൽ ഓരോ ലക്കവും പുറപ്പെടുവിക്കുന്ന പഞ്ചായത്ത് രാജ് മാസികഅഭിനന്ദനമർഹിക്കുന്നു.

**വി.വി. രാജീവ്, നെടുമങ്ങാട്.**

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.



## ശാസ്ത്രീയകൃഷിക്കു ഗ്രാമങ്ങളെ മാറ്റിയെടുക്കണം: മുരളി തുമ്മാരകുടി

ശാസ്ത്രീയമായ കൃഷിരീതി അവലംബിച്ചാൽ കൃഷിക്കു ഏറ്റവും സാദ്ധ്യതയുള്ള സംസ്ഥാനമാണ് കേരളമെന്നു ദുരന്തനിവാരണ മാനേജ്മെന്റ് വിദഗ്ധൻ മുരളി തുമ്മാരുകുടി പറഞ്ഞു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മികച്ച വികസനപദ്ധതികളെ പരിചയപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കില സംഘടപ്പിച്ച നേർകാഴ്ച പരിപാടിയിൽ കൃഷി, ടൂറിസം, സുസ്ഥിര വികസനം എന്നീ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്രീയ കൃഷിക്ക് ഉതകുന്ന തരത്തിൽ ഗ്രാമങ്ങളെ മാറ്റിയെടുക്കാനുള്ള നയപരമായ ഇച്ഛാശക്തി വേണം. കേരളത്തിൽ ഒന്നും നടക്കില്ലെന്ന ചിന്താഗതി തന്നെ മാറണം. ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാദ്ധ്യതയുള്ള സംസ്ഥാനമാണിത്. നെൽകൃഷി ആപൽക്കരമായി കുറഞ്ഞുവരുന്നുണ്ടെങ്കിലും വാങ്ങാനുള്ള നമ്മുടെ ശേഷി കൂടിവരികയാണ്. അതുകൊണ്ടുതന്നെയാണ് ഇവിടെ പട്ടിണിയില്ലാത്തതും.

കേരളത്തിലെ ടൂറിസം വികസനത്തിനും ഒട്ടേറെ സാദ്ധ്യതകളാണുള്ളത്. സ്വിറ്റ്സർലണ്ട് മികച്ച ടൂറിസ്റ്റ് കേന്ദ്രമാണെങ്കിലും കേരളത്തിലെ ഭക്ഷണവിഭവങ്ങളുടെ വൈവിധ്യം അവിടെയില്ല. കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണം പത്തിനും ഇരുപതു ലക്ഷത്തിനുമിടയ്ക്കാണ്. ഫ്രാൻസിൽ 87 മില്യൻ ടൂറിസ്റ്റുകളാണെത്തുന്നത്. കുമരകവും കോവളവും മൂന്നാറും കാണാനല്ല ടൂറിസ്റ്റുകളെത്തുന്നത്. നഗര-ഗ്രാമ വ്യത്യാസമില്ലാത്ത നമ്മുടെ സാമൂഹ്യവികസനം കാണാനാണ് അവർക്കു താൽപര്യം. കേരളത്തിൽ 10 ലക്ഷം വീടുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അതുപയോഗപ്പെടുത്തി ടൂറിസം വികസിപ്പിക്കാൻ നമുക്കു കഴിയണം. നമ്മുടെ പ്രതിശീർഷ വരുമാനം മുപ്പതിനായിരത്തിനും നാൽപതിനായിരത്തിനുമിടയ്ക്ക് എത്തിക്കണം. കുട്ടികളെ കേരളത്തിനു പുറത്തു പഠിപ്പിച്ച് പുറം രാജ്യങ്ങളിൽ ജോലിക്കു വിടുന്ന രീതിയും മാറണം. നമ്മുടെ കുട്ടികളെ ഇവിടെ പഠിപ്പിച്ച് ഇവിടെ തന്നെ ജോലിചെയ്യാനാണ് നാം അവസരമൊരുക്കേണ്ടതെന്നും മുരളി തുമ്മാരകുടി പറഞ്ഞു. ☐




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** March 2019
Annual Subscription ₹120, Published on 20 March 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS